

8.4
A

# കലങ്ങളിൽ അഭയം

ജിയോ തടിക്കാട്ട്

# അകലങ്ങളിൽ അഭയം

(വിചിന്തനങ്ങൾ)

ST. ANTONY'S MONASTERY
Phone : 3140
ALWAYE-1



## ജിയോ തടിക്കാട്ട്

1958 ഫെബ്രുവരി 22–ന് ജനനം. പൗരസ്ത്യവിദ്യാപീഠത്തിൽ നിന്നും ഫിലോസഫിയിലും തിയോളജിയിലും ബിരുദങ്ങൾ നേടി. 1979–ൽ രണ്ടാംവർഷ ഫിലോസഫി പഠിക്കുമ്പോൾ ആദ്യത്തെ പുസ്തകം പ്രസിദ്ധീകരിച്ചു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതുന്നു. നാടകത്തെക്കുറിച്ച് സുദീർഘവും ആധികാരികവുമായ പഠനം (നാടകദർശനം) താമസിയാതെ പ്രസിദ്ധീകരിക്കുന്നു. തെയ്യാർദ് ഷർദ്ദാൻ, മാർ മാത്യു പോത്തനാമൂഴി ഇവരുടെ ജീവചരിത്രങ്ങളും തയ്യാറാക്കുന്നുണ്ട്. 1983 ഡിസംബർ 29 ന് പൗരോഹിത്യം സ്വീകരിച്ചു. കോതമംഗലം രൂപതാംഗം.

വിലാസം: മാറിക, കൂത്താട്ടുകുളം 686 662

### കൃതികൾ

| | |
|---|---|
| അകലങ്ങളിൽ അഭയം | (വിചിന്തനങ്ങൾ) |
| പുലരിനക്ഷത്രം | (ബൈബിൾ ഏകാങ്കങ്ങൾ) |
| പാഞ്ചജന്യം | ( ,, ) |
| നാദശില്പം | ( ,, ) (സഹകർതൃത്വം) |
| ദൈവം വരുന്നു | (ആദ്ധ്യാത്മികം) |
| മാർ ജോസഫ് കരിയാററി | (സഭാചരിത്രനാടകം) |
| നാടകദർശനം (പഠനം) | (അച്ചടിയിൽ) |

ജിയോ തടിക്കാട്ട്

ACHARYA PALACKAL JEEVASS KENDRAM
ALWA...
LIBRARY
17495

# അകലങ്ങളിൽ അഭയം

9.50 ജനത തേവര

*(Malayalam)*

**AKALANGALIL ABHAYAM**

(Spiritual and Philosophical Reflections)

*Distributed by:*
JANATHA BOOK STALL
Thevara, Cochin-13

ACHARYA PALACKAL JEEVASS LIBRARY
M/248.4
THA

Copyright: **Geo Thadikkatt, 1985**

*First Published:* April 1985
*Published by the Author*
*Printed at :*
Mar Mathews Press
Muvattupuzha 686 661
*Cover design:* Jayadev

SN 00206 858601 1000-1 D-12

## ആമുഖം

''അഗാധത്തിൽനിന്നും
ദൈവമെ നിന്നെ ഞാൻ വിളിക്കുന്നു.
എന്നെ ശ്രവിക്കണമെ....''
സങ്കീർത്തകൻെറ പ്രാർത്ഥന.
സങ്കീർത്തകനോടുകൂടി ഞാനും,
ഹൃദയവികാരങ്ങൾ പങ്കുവയ്ക്കുന്നു.
പ്രാർത്ഥനാരൂപത്തിലല്ല;
വിചിന്തനങ്ങളിലൂടെ.
തികച്ചും വ്യക്തിപരമാണിതു്
എങ്കിലും സുവിശേഷമാണടിസ്ഥാനം.
വി. മത്തായിയുടേതിൽനിന്നുമാത്രം.
ഓരോ ചെറിയ വാചകങ്ങൾ
ശൈലി ഏതെന്നറിയില്ല.
മനസ്സിൽ തട്ടിയ ആശയങ്ങൾ,
പലപ്പോഴായി കുറിച്ചു വച്ചു.
നിയതരൂപത്തിലുമായി.
ആശയങ്ങൾ വ്യക്തിപരമാണു്.
സ്വീകരിക്കുകയോ നിരാകരിക്കുകയോ ആവാം.
ചിന്തിക്കാൻ പ്രേരണ–
നല്കണമെന്നേ ആഗ്രഹമുള്ളു.
ഇതു്–
സുവിശേഷാത്മകമല്ല
ദൈവശാസ്ത്രപരവുമല്ല
തികച്ചും പ്രായോഗികം
താത്വികസ്വഭാവവുമുണ്ടു്.

ഈ മണ്ഡലത്തിൽ പുതിയ കാൽവയ്പ്പ്
നാടകരംഗത്തുനിന്നുമുള്ള ചുവടുമാററം;
തീർത്തും ഉപേക്ഷിച്ചുവെന്നല്ല.
"ദൈവം വരുന്നു"
ശൈലിമാററമെങ്കിലും–
ആശയം സമാനമായിരുന്നു.
അതിനു ലഭിച്ച സ്വീകരണം
കൂടുതൽ ചിന്തിക്കാൻ വഴിയൊരുക്കി.
ഇതിൽ–
ഓരോ വാചകവും പൂർണ്ണമാണ്.
കൂട്ടിവായിക്കാൻ ശ്രമിക്കരുത്.
ചിന്തയിലൂടെ ആശയം വ്യക്തമാകും
ഒററവായനയ്ക്ക് കിട്ടണമെന്നില്ല.
ചിന്തകൾ സ്വർഗ്ഗോന്മുഖമാണ്
ധ്യാനാവസരങ്ങളിൽ രൂപപ്പെട്ടതു്.
അതുകൊണ്ടാണീ രൂപവും ഭാവവും.
ചിന്തയ്ക്ക് വഴിയൊരുക്കിയവരേയും
അച്ചടിശാലക്കാരേയും
വിതരണക്കാരേയും
നന്ദിയോടെ സ്മരിക്കട്ടെ;
മനസ്സിലെന്നപോലെ പേനത്തുമ്പിലും.

മാറിക — ഫാ. ജിയോ തടിക്കാട്ട്
24–4–1985

## പേജുകളിലൂടെ


ആമുഖം 5
പേജുകളിലൂടെ 7
1 യഹൂദന്മാർക്കു ജനിച്ച രാജാവ് 11
2 പാതകറം നേരെയാക്കുവിൻ 12
3 ആത്മാവിൽ ദരിദ്രർ 13
4 വിലപിക്കുന്നവർ 14
5 ധർമ്മത്തെക്കുറിച്ച് വിശപ്പും ദാഹവും 15
6 നിർമ്മല ഹൃദയർ ദൈവത്തെ കാണും 16
7 സമാധാനം സ്ഥാപിക്കുന്നവർ 17
8 ധർമ്മത്തെക്കുറിച്ച് പീഡയനുഭവിക്കുന്നവർ 18
9 എന്നെപ്രതി അവഹേളനം-പീഡനം 19
10 നിങ്ങറം ഭൂമിയുടെ ഉപ്പാകുന്നു 20
11 വിളക്കു കൊളുത്തി പീഠത്തിൽ വയ്ക്കുക 21
12 നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ 22
13 സ്വർഗ്ഗരാജ്യത്തിൽ വലിയവൻ 23
14 സഹോദരനോടു കോപിക്കുന്നവൻ 24
15 സഹോദരന് വിദ്വേഷമുണ്ടെന്ന് ഓർത്താൽ 25
16 സഹോദരനുമായി രമ്യപ്പെടുക 26
17 ഹൃദയത്തിൽ വ്യഭിചാരം 27
18 പാപകാരണമായ അവയവം 28
19 ശത്രുക്കളെ സ്നേഹിക്കുക 29
20 ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക 30
21 സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ 31
22 പരിപൂർണ്ണരായിരിക്കുവിൻ 32
23 രഹസ്യമായി ദാനധർമ്മം 33
24 രഹസ്യമായി പ്രാർത്ഥിക്കുക 34

35 25 അതിഭാഷണം ചെയ്യരുത്

36 26 സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

37 27 തെററു ചെയ്തവരോട്ട് ക്ഷമിക്കുന്നതുപോലെ

38 28 ഭൂമിയിൽ നിക്ഷേപമരുത്

39 29 സ്വർഗ്ഗത്തിൽ നിക്ഷേപം

40 30 കണ്ണാണ് ശരീരത്തിൻെറ വിളക്ക്

41 31 രണ്ടു് യജമാനന്മാർ സാധ്യമല്ല

42 32 ദൈവരാജ്യവും ധർമ്മവും അന്വേഷിപ്പിൻ

43 33 നാളെയെപ്പററി ചിന്താകുലരാകേണ്ട

44 34 വിധിക്കാതിരിക്കുക

45 35 കണ്ണിലെ തടിക്കഷണം

46 36 മുത്തുകൾ പന്നികൾക്കു കൊടുക്കരുത്

47 37 ചോദിക്കുവിൻ ലഭിക്കും

48 38 മററുള്ളവരോട്ട് എങ്ങനെ വർത്തിക്കണം

49 39 ഇടുങ്ങിയ വാതിലിലൂടെ കടക്കുക

50 40 വ്യാജപ്രവാചകന്മാർ

51 41 ഫലത്തിൽനിന്നു് തിരിച്ചറിയുക

52 42 പിതാവിൻെറ ഇഷ്ടം നിറവേററുക

53 43 പാറയിൽ ഭവനം പണിതവൻ

54 44 രാജ്യത്തിൻെറ മക്കൾ പുറന്തള്ളപ്പെടും

55 45 മനുഷ്യപുത്രനു് തലചായ്ക്കാൻ ഇടമില്ല

56 46 അല്പവിശ്വാസികളേ, എന്തിനു ഭയപ്പെടുന്നു

57 47 കിടക്കയുമെടുത്തു് വീട്ടിലേക്കു് പോവുക

58 48 രോഗിക്കാണു് വൈദ്യനെ ആവശ്യം

59 49 കർത്താവേ, എനിക്കു കാണണം

60 50 വിളവധികം വേലക്കാർ ചുരുക്കം

61 51 ദാനമായി കിട്ടി; ദാനമായി കൊടുക്കു

62 52 പ്രാവുകളെപ്പോലെ നിഷ്കളങ്കർ

53 അവസാനംവരെ പിടിച്ചുനിൽക്കുന്നവൻ 63
54 നിങ്ങൾ മർദ്ദിക്കപ്പെടുമ്പോൾ 64
55 ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല. 65
56 സ്വന്തം കുരിശുമെടുത്തു് അനുഗമിക്കുക 66
57 എന്നിൽ ഇടറാത്തവൻ ഭാഗ്യവാൻ 67
58 ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം 68
59 എന്നിൽനിന്നും പഠിക്കുവിൻ 69
60 അന്തഃഛിദ്രമുള്ള ഏതു രാജ്യവും നശിക്കും 70
61 എൻെറ അമ്മയും സഹോദരന്മാരും 71
62 ഉള്ളവനു നൽകപ്പെടും 72
63 പ്രവാചകൻ സ്വന്തം നാട്ടിൽ 73
64 നീ സംശയിച്ചതെന്തു് 74
65 വായിൽനിന്നു വരുന്നതു് അശുദ്ധനാക്കുന്നു 75
66 അന്ധനെ നയിക്കുന്ന അന്ധൻ 76
67 നിൻെറ വിശ്വാസം വലുതാണു് 77
68 സ്വർഗ്ഗസ്ഥനായ പിതാവു വെളിപ്പെടുത്തി 78
69 നിൻെറ ചിന്ത ദൈവികമല്ല,
മാനുഷികമാണു് 79
70 വിശ്വാസമുണ്ടെങ്കിൽ ഒന്നും അസാദ്ധ്യമല്ല 80
71 ശിശുക്കളെപ്പോലെ ആയിത്തീരുക 81
72 പ്രലോഭനഹേതു ആകുന്നവനു് ദുരിതം 82
73 രണ്ടോ മൂന്നോപേർ എൻെറ നാമത്തിൽ 83
74 എത്ര പ്രാവശ്യം ക്ഷമിക്കണം 84
75 ദൈവം യോജിപ്പിച്ചതു് 85
76 എല്ലാം വിററു് ദരിദ്രർക്കു് കൊടുക്കുക 86
77 ഒട്ടകം സൂചിക്കുഴയിലൂടെ 87
78 മനുഷ്യർക്കു് അസാദ്ധ്യമായതു് 88
79 മുമ്പന്മാർ പിമ്പന്മാരും 89

90 80 ഒരുവൻ നിന്റെ വലതുവശത്ത്
91 81 പ്രമാണിമാർ അധികാരം പ്രയോഗിക്കുന്നു
92 82 വലിയവനാകാൻ ആഗ്രഹിക്കുന്നവൻ
93 83 രാജാവ് കഴുതയുടെ പുറത്ത്
94 84 ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കുമുമ്പേ
95 85 ക്ഷണിക്കപ്പെട്ടവർ അയോഗ്യരായിരുന്നു
96 86 സീസറിന്റേത് സീസറിനും
97 87 തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം
98 88 പ്രഥമവും പ്രധാനവുമായ കല്പന
99 89 സ്വർഗ്ഗരാജ്യം അടയ്ക്കുന്നു
100 90 കൊതുകിനെ അരിച്ചുനീക്കി ഒട്ടകത്തെ വിഴുങ്ങുന്നവർ
101 91 വെള്ളയടിച്ച കുഴിമാടങ്ങൾ
102 92 ശവമുള്ളിടത്ത് കഴുകന്മാർ വന്നുകൂടും
103 93 നിങ്ങൾ ഉണർന്നിരിക്കുവിൻ
104 94 എന്റെ വചനങ്ങൾ കടന്നുപോകില്ല
105 95 അവൻ ജനിക്കാതിരുന്നെങ്കിൽ
106 96 ഈ രാത്രി കോഴി കൂവുന്നതിനുമുമ്പ്
107 97 ആത്മാവ് സന്നദ്ധം, ശരീരം ബലഹീനം
108 98 വാളെടുക്കുന്നവൻ വാളാൽ
109 99 ബറാബാസിനെയോ ഈശോയെയോ?
110 100 ഈ നീതിമാന്റെ രക്തത്തിൽ പങ്കില്ല

## 1. യഹൂദന്മാർക്കു ജനിച്ച രാജാവ്

വി. മത്തായി 2:2

രക്ഷകനെ കാത്തിരിക്കുന്ന ജനം.
നൂററാണ്ടുകളായുണ്ടായിരുന്ന പ്രതീക്ഷ
അതു പൂവണിയുന്നു.
എന്നാൽ കണ്ടെത്തുന്നവർ ചുരുക്കം.
തിരഞ്ഞെടുക്കപ്പെട്ടവർ അറിയുന്നില്ല.
സ്രഷ്ടാവിനു ജനിക്കാൻ സ്ഥലമില്ല.
പുൽക്കൂട്ടിലെ രാജാവ്
പ്രഥമദൃഷ്ട്യാ വിരോധാഭാസം.
കിഴക്കുനിന്നുവന്ന ജ്യോതിഷന്മാർ,
ഹേറോദേസിൻെറ പക്കൽ—
അന്വേഷിക്കുന്നു.
രാജത്വത്തിൻെറ വൈവിധ്യം
എളിമ, നിസ്സഹായത, തിരസ്കരണം.
ഇന്നും രാജത്വം നിലനിൽക്കുന്നു;
രാജാക്കന്മാരുടെ കാലം കഴിഞ്ഞെങ്കിലും.
സ്വയം രാജാവാകുന്നവർ—
അതിലുപരി.
അവരുടെ രാജത്വം
മഹത്വീകരണത്തിലേക്കാണ്:
പ്രൗഢി, പ്രതാപം, ബഹുമാനം.
ഇതാണോ ഈശോയുടേതു്?
പുൽക്കൂടുമുതൽ കാൽവരിവരെ—
സഹനവും പരിത്യാഗവും നിന്ദയും—
സ്വയം ഏററുവാങ്ങി;
യഥാർത്ഥ മഹത്വീകരണത്തിലേയ്ക്ക് നടന്നടുത്തു.

## 2. പാതകൾ നേരെയാക്കുവിൻ 3:3

യോഹന്നാൻെറ ദൗത്യം
കർത്താവിനു വഴിയൊരുക്കാൻ,
അവിടുത്തെ പാത നേരെയാക്കാൻ,
താഴ്വരകൾ നികത്താൻ,
പർവ്വതങ്ങളും കുന്നുകളും നിരത്താൻ.
പ്രവാചകന്മാരിൽ അഗ്രഗണ്യൻ.
സ്ത്രീകളിൽനിന്നു ജനിച്ചവരിൽ–
ഏററം വലിയവൻ.
മാനസാന്തരം പ്രസംഗിച്ചു,
അനേകർ അതു സ്വീകരിച്ചു.
മാനസാന്തരത്തിൻെറ മാമ്മോദീസ
യഥാർത്ഥമായ മാനസാന്തരം
ഇന്നും വളഞ്ഞ പാതകളില്ലേ?
സത്യവും നീതിയും അവഗണിക്കപ്പെടുന്നു:
സ്വാധീനത്തിൻേറയും
സ്വാർത്ഥതാല്പര്യത്തിൻേറയും
സ്വജനപക്ഷപാതത്തിൻേറയും പേരിൽ.
വ്യക്തിപരമായി–
പാപകരമായ ജീവിതവും.
ഈ വഴികൾ നേരെയാവണം.
എങ്കിലേ രക്ഷകൻ വരൂ.
ഇന്നു് ഈശോ പിറക്കുക–
മനുഷ്യഹൃദയങ്ങളിലാണു്.
വഴികൾ നേരെയാക്കൂ
അവിടുന്നു് ഹൃദയത്തിൽ വന്നുപിറക്കും.

## 3. ആത്മാവിൽ ദരിദ്രർ 5:2

ഒന്നുംസ്വന്തമായില്ലാത്തവൻ, ദരിദ്രൻ.
അഭിമാനം, ആരോഗ്യം, സമ്പത്തു്, സൗകര്യങ്ങൾ.
ആവശ്യങ്ങൾക്കു് ഇരക്കുന്നു.
അന്നന്നത്തെ ആഹാരത്തിൽ സംതൃപ്തൻ
സമ്പാദിക്കാനൊന്നുമില്ല.
മനസ്സിനു് ആകുലതകളില്ല, ആശങ്കയില്ല.
നാളത്തെ കാര്യം നാളെ.
''നാളെയെക്കുറിച്ചു് ആകുലതയെന്തിനു്?
ആകാശത്തിലെ പറവകളെ നോക്കുവിൻ''
എത്തുന്നിടത്തു കിടക്കും
കിടക്കുന്നിടം പട്ടുമെത്ത
കിട്ടുന്നതു് അമൃതു്
മേൽകീഴ് നോക്കേണ്ട ആവശ്യമില്ല.
അവൻ സൗഭാഗ്യവാനാണു്.
എല്ലാം തരുന്ന ദൈവത്തിനു് നന്ദിയുള്ളവൻ.
ദാരിദ്ര്യത്തിലാണു് ദൈവത്തിലേക്കു് തിരിയുക
എല്ലാമുള്ളവൻ ദൈവത്തിൽനിന്നുമകലുന്നു.
എന്നെ തൃപ്തിപ്പെടുത്താൻ എല്ലാമുണ്ടെന്ന ചിന്ത;
അതാണു് ഏററം വലിയ വ്യാകുലതയും;
അവനറിയുന്നില്ലെന്നു മാത്രം.
സ്വന്തമായൊന്നുമില്ലാത്ത ദരിദ്രൻ;
ദൈവം മാത്രം ആശ്രയകേന്ദ്രം.
ആത്മാവിൽ ദരിദ്രർ—ദൈവംമാത്രം—
സ്വന്തമായുള്ളവർ—ഭാഗ്യവാന്മാർ—
സ്വർഗ്ഗരാജ്യം അവരുടേതാണു്.

## 4. വിലപിക്കുന്നവർ 5:4

കരയുക മനുഷ്യസഹജം.
വേദനയാൽ;
മാനസികം, ശാരീരികം.
പ്രത്യേക ജീവിത സന്ദർഭങ്ങളാൽ,
ബാഹ്യപ്രേരണയാൽ,
നീതിലഭിക്കാതെ വന്നാൽ,
മററുള്ളവർ ദുഷ്പ്രവൃത്തികൾ മൂലം,
വ്യാജാരോപണങ്ങളാൽ,
സന്തോഷംകൊണ്ടും ചിലർ കരയാറുണ്ട്.
സ്വന്തം തെററിനെക്കുറിച്ചോർത്ത് വിലപിക്കുന്നവർ–
എത്രത്തോളമുണ്ട്,
അതാണ് യഥാർത്ഥ ഫലദായകം.
തകന്ന യാതൊന്നിനും വിലയില്ല;
ഹൃദയത്തിനു മാത്രം.
അതിനാണേററവും കൂടുതൽ വില.
തെററിനെക്കുറിച്ച് കരയുന്നവർ–
മാനസാന്തരത്തിന്റെ പാതയിൽ.
മററുള്ളവരാൽ കരയിക്കപ്പെടുന്നതിനേക്കാൾ
സ്വയം കരയുന്നത്
കൂടുതൽ ആശ്വാസജനകം.
അവർ ആശ്വസിപ്പിക്കപ്പെടും.
തെററിനു മോചനവും,
ആത്മാവിനു ശാന്തിയും,
ശിക്ഷിക്കപ്പെടുന്നതിനേക്കാൾ നല്ലതല്ലേ
സ്വയം ശിക്ഷ ഏററുവാങ്ങുക?

## 5. ധർമ്മത്തെക്കുറിച്ച് വിശപ്പും ദാഹവും 5:6

സത്യത്തിനും ധാർമ്മികതയ്ക്കും
മൂല്യശോഷണം നടക്കുന്നു.
പലപ്പോഴും നീതി നിഷേധിക്കപ്പെടുന്നു.
എവിടേയും സ്വാധീനം,
സ്ഥാനവും മാനവും,
വൈയക്തിക പരിഗണനകളും,
സ്വാർത്ഥലാഭേച്ഛയും ധനവും.
നീതി ലഭിക്കുന്നവർ വിരളം.
സ്വാധീനമില്ലാതെ ഒന്നും നേടാനാവില്ല.
ഇതു് ഈ ലോകത്തിൻെറ കഥ.
വരാനിരിക്കുന്ന ലോകത്തിലോ?
അതെക്കുറിച്ചു് ഇപ്പോഴാരു് ചിന്തിക്കുന്നു?
''സ്വർഗ്ഗം മററൊരു ലോകത്താണെന്നു്
സ്വപ്നം കാണുന്നവരേ–വെറുതേ....
ഇവിടെത്തന്നെ സ്വർഗ്ഗവും നരകവും''
പിന്നെയെന്തിനു പേടിക്കണം?
എന്നാൽ ഇതെല്ലാം വ്യാമോഹങ്ങൾ മാത്രം.
നീതിലഭിക്കുന്ന ഒരിടമുണ്ടു്;
പ്രവൃത്തികൾക്കനുസരിച്ചു്,
മുഖംനോട്ടമില്ലാതെ, പരിഗണനകളില്ലാതെ.
നീതിനിർവ്വഹിക്കാൻ പരിശ്രമിക്കുമ്പോൾ–
എനിക്കു സംതൃപ്തി ലഭിക്കും.
ഈ ലോകത്തിനപ്പുറമുള്ള ലോകത്തിൽ.
പണത്തിനും സ്വാധീനത്തിനും പരക്കംപായേണ്ട
അതു നശ്വരം–നീതി അനശ്വരവും.

## 6. നിർമ്മല ഹൃദയർ ദൈവത്തെ കാണും 5:8

മനുഷ്യനു് ഹൃദയവും (ആത്മാവും) ശരീരവുമുണ്ടു്.
ദൈവം കാണുന്നതൊന്നു്,
മനുഷ്യൻ കാണുന്നതു് മററൊന്നു്.
ലൗകികമായി, സാമൂഹ്യമായി, ശാരീരികമായി,
മനുഷ്യനു് നല്ലവനാകാം:
സൗന്ദര്യം, സമ്പത്തു്, ഉദ്യോഗം, മാന്യത,
എവിടെയും ആദരവും ബഹുമാനവും,
മനുഷ്യരുടെ സ്തുതിവചനങ്ങളും.
അവരുടെ ഹൃദയമോ?
അതു് ഹൃദയങ്ങൾ കാണുന്ന ദൈവത്തിനു് മാത്രം,
മനുഷ്യരുടെ മുമ്പിൽ നല്ലവരായാലും,
നല്ലവരായി കാണപ്പെടാൻ ശ്രമിച്ചാലും,
ദൈവം യാഥാർത്ഥ്യം കാണുന്നു.
''വെള്ളയടിച്ച കുഴിമാടങ്ങൾ''
പുറമെ നല്ല ഭംഗി–
അകത്തോ, ആകെ ചീഞ്ഞുനാറുന്നു.
ഇതുതന്നെയാകാം എൻേറയും സ്ഥിതി.
ഞാൻ മാന്യൻ, ഭക്തൻ, നല്ല ക്രിസ്ത്യാനി;
അതു മററുള്ളവക്കു്.
അന്തരാത്മാവിൽ തികഞ്ഞപാപി,
ദുഷ്ടത, അഹങ്കാരം, ദുർവൃത്തത.
ദൈവം ഹൃദയങ്ങൾ കാണുന്നു.
ഹൃദയം ശുദ്ധീകരിക്കു–മാലിന്യങ്ങൾ കളയൂ.
അപ്പോൾ ദൈവത്തെ കാണാൻ കഴിയും
മുഖാഭിമുഖം– ദൈവമനുഷ്യസമാഗമം.

## 7. സമാധാനം സ്ഥാപിക്കുന്നവർ 5:9

അസമാധാനത്തിനു വിത്തുവിതയ്ക്കുന്നവർ,
ഇന്ന് എത്രവേണമെങ്കിലുമുണ്ട്
സ്വാർത്ഥതാല്പര്യത്തിനുവേണ്ടി,
കാര്യസാദ്ധ്യത്തിനുവേണ്ടി.
അതിന്റെ ഫലമോ?
തന്റേയും മററുള്ളവരുടേയും
സമാധാനം നശിക്കുന്നു.
അതു പുന:സ്ഥാപിക്കാനോ?
അത്ര എളുപ്പമായിരിക്കില്ല;
സാധാരണക്കാക്ക് സാധിക്കുകയുമില്ല.
അതു് വീരോചിതമാണ്.
മഹാന്മാരുടെ ലക്ഷണമാണ്.
മഹത്തുക്കരം ഇന്നു ചുരുക്കമാണ്.
അവരെ ആദരിക്കുന്നവരും ചുരുക്കം.
സമാധാനം സ്ഥാപിക്കപ്പെടുന്നതും ചുരുക്കം.
വിട്ടുവീഴ്ചയില്ലാത്ത,
രണ്ടുഭാഗങ്ങളേയും മാനിക്കുന്ന,
മുഖം നോട്ടമില്ലാത്ത,
നീതിപൂർവ്വകമായ
തീരുമാനങ്ങളെടുക്കുക.
''ഭൂമിയിൽ സന്മനസ്സുള്ളവക്ക് സമാധാനം''
''നിങ്ങരംക്ക് സമാധാനം''
സമാധാനം സ്ഥാപിക്കുന്നവർ–ദൈവപുത്രർ.
ദൈവികമായ പ്രവൃത്തിയെന്നു വ്യക്തം.
അതിനു ദൈവിക പുണ്യങ്ങരം സമ്പാദിക്കണം.

## 8. ധർമ്മത്തെക്കുറിച്ചു പീഡയനുഭവിക്കുന്നവർ 5:10

മഹാന്മാരുടെ ചരിത്രമാണത്.
സത്യത്തിനും നീതിക്കും—
വേണ്ടിനിലകൊള്ളുന്നവൻ—
അവൻ മഹാനാണ്.
അധികാരികളുടെ അപ്രീതിക്ക പാത്രമാകാം—
അനീതിക്കെതിരെ ശബ്ദമുയർത്തിയാൽ.
എന്തിനുമുണ്ടല്ലോ സ്ഥലകാലഭേദങ്ങൾ.
സ്തുതിപാഠകർ തെററും ശരിയെന്നു പറയും.
അവക്ക് തിക്താനുഭവമുണ്ടാകും;
ഇന്നല്ലെങ്കിൽ നാളെ.
സ്വന്തമായി തത്വങ്ങളുള്ളവൻ,
തത്വങ്ങളെ മുറുകെ പിടിക്കുന്നവൻ,
തത്വമനുസരിച്ച് ജീവിക്കുന്നവൻ,
പലരുടേയും അപ്രീതിക്ക പാത്രമാകും;
വഴിപിഴച്ച അധികാരത്തെ ധിക്കരിച്ചാൽ;
സഹോദരങ്ങളുടെ തെററു ചൂണ്ടിക്കാണിച്ചാൽ.
ആ വിദ്വേഷവും വിഷമവും ശാശ്വതമല്ല;
സത്യത്തിന് ഈ ലോകത്തിൽ വിലയുണ്ടെങ്കിൽ.
''ദൈവം സത്യം കാണുന്നു; പക്ഷെ കാത്തിരിക്കുന്നു''.
സത്യം നടപ്പാകും; വൈകിയായിരിക്കാം.
കാത്തിരിക്കാനുള്ള ക്ഷമവേണം.
അതിനിടെ അനാവശ്യമായി പീഡിപ്പിക്കപ്പെടാം.
''ഇരുളും മെല്ലെ വെളിച്ചമായ്‌വരും''
കാത്തിരിക്കാനുള്ള കരുത്താണാവശ്യം.
മുഖംനോക്കാതെ നീതിനിർവ്വഹിക്കാനും.

## 9. എന്നെപ്രതി അവഹേളനം; പീഡനം 5:11

ഈശോ – ഈലോകത്തിന്ന് ആരുമല്ല.
ലോകം മൂന്നുവിധം:
സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം,
സൃഷ്ടപ്രപഞ്ചത്തിലെ മനുഷ്യർ,
പാപകരമായി ജീവിക്കുന്നവർ.
ലോകം ഈശോയെ പീഡിപ്പിച്ചു,
അവഹേളിച്ചു.
കുരിശ് അവഹേളനത്തിൻെറ പര്യായം.
റോമിലെ അടിമകൾക്കുമാത്രം—
നല്ലപ്പെട്ടിരുന്ന ശിക്ഷാവിധി.
അവിടത്തെ അറിയാത്തവർ ഇന്നും—
കുരിശിലേററുന്നു: നന്മയെ;
നന്മചെയ്യുന്നവരെ.
ഒഴുക്കിനൊത്തു നീന്താൻ എന്തെളുപ്പം.
ലോകം അംഗീകരിക്കും, പൂവിട്ടു പൂജിക്കും.
ഒഴുക്കിനെതിരെ നീന്തിയാൽ–
ലോകത്തിൻെറ പ്രവൃത്തികൾ തെററെന്ന്–
പറഞ്ഞാൽ – പീഡനം നിശ്ചയം.
''ഗുരുവിനേക്കാൾ വലിയ ശിഷ്യനില്ല''
''എന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളേയും....''
പീഡനം സന്തോഷത്തോടെ ഏററു വാങ്ങു
''കുരിശുമെടുത്ത് പിന്നാലെ....''
മഹത്വം ലഭിക്കും.
ഈലോകജീവിതത്തിലും, മരണാനന്തരവും.
അനുഭവം അതു നമ്മെ പഠിപ്പിക്കുന്നു.

## 10. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു 5:13

ഉപ്പിന് പലവിധ ദൗത്യങ്ങളുണ്ട്:
വസ്തുക്കറം കേടാകാതെ സൂക്ഷിക്കുക,
സ്വാദുവർദ്ധിപ്പിക്കുക,
ചെടികറംക്കു വളമാകുക,
നൈർമ്മല്യത്തിൻെറ അടയാളവും.
ഈശോയുടെ ശിഷ്യർ, ഭൂമിയുടെ ഉപ്പ്.
ലോകത്തെ തിന്മയിൽനിന്നും രക്ഷിക്കുന്നു.
ഈശോയുടെ തത്വങ്ങറം–പ്രമാണങ്ങറം–
ആദർശങ്ങറം–മുറുകെപ്പിടിച്ചു ജീവിച്ചാൽ
ജീവിതത്തിനു മാധുര്യമേകുന്നു.
സ്നേഹം, സേവനം, സഹനം, സഹായം
മററുള്ളവക്കു ഉപകാരപ്രദമായ കാര്യങ്ങറം.
വളമാകുക–
ലോകത്തെ സത്യത്തിലും, നീതിയിലും,
ധാമ്മികതയിലും, ദൈവവിശ്വാസത്തിലും
വളർത്തുക.
ഇതെല്ലാം ക്രിസ്ത്യാനിയുടെ കടമ.
ദൗത്യമേറെറടുത്തവൻ അതു ചെയ്തേ പററൂ.
നിരുത്തരവാദിത്വം വലിയ അപകടം ചെയ്യും.
ഉപ്പ് ഉറകെട്ടുപോയാൽ പുറത്തെറിയും.
അല്ലെങ്കിൽ ഗുണത്തെക്കാളേറെ ദോഷം.
ക്രൈസ്തവവിശ്വാസവും, ചൈതന്യവും നശിച്ചാൽ
അപകടം തനിക്കും, മററുള്ളവക്കും .
നല്ലതിൻെറ അധ:പതനം ഏററം ഹീനം.
ഉറകെടാതെ സൂക്ഷിക്കുക; ഉപ്പിൻെറ ദൗത്യം നിറവേററുക.

## 11. വിളക്കുകൊളുത്തി പീഠത്തിൽ വയ്ക്കുക 5:15

വിളക്കുകൊളുത്തുക–പ്രകാശം നൽകുക:
കാൽതട്ടി വീഴാതിരിക്കാൻ,
അപകടങ്ങൾ കാണിച്ചുകൊടുക്കാൻ,
യഥാൎത്ഥവഴി കണ്ടെത്താൻ,
പേടിയകററാൻ,
ജോലികൾ ചെയ്യാൻ,
എന്തിനും വെളിച്ചം ആവശ്യം.
കത്തുന്ന വിളക്കു് അതറിയാതെ തന്നെ–
വെളിച്ചം പ്രസരിപ്പിക്കുന്നു;
പീഠത്തിൽ വച്ചാൽ മാത്രംമതി.
എന്റെ സൽപ്രവൃത്തികളും തദൈവ.
അതു ലോകത്തിനുമുമ്പിൽ പ്രകാശിക്കും.
ഞാനതു് വിളിച്ചുപറയേണ്ട,
മററുള്ളവർ കാണാൻവേണ്ടി ഒന്നും ചെയ്യേണ്ട.
നന്മയെ ലോകം അംഗീകരിക്കും.
ആ നന്മ എന്നിൽനിന്നും പ്രസരിക്കും.
അനേകർക്കു് നല്ലവഴി കാണിച്ചുകൊടുക്കും.
എന്റെ നന്മ അനേകർ അനുഭവിക്കും;
അംഗീകരിക്കപ്പെട്ടില്ലെങ്കിലും.
കത്തുന്നവിളക്കു് കണ്ടില്ലെങ്കിലും;
പ്രകാശം അനേകർക്കു് വഴികാട്ടി.
പ്രസന്നവദനവും നല്ല മനഃസാക്ഷിയും,
മററുള്ളവരെ നല്ലവരാകാൻ സഹായിക്കും.
വിളക്കുകൊളുത്തണം–പീഠത്തിൽ വയ്ക്കണം.
ജീവിതം സൽപ്രവൃത്തികൾകൊണ്ടു് സമ്പൂൎണ്ണമാകണം.

## 12. നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ 5:16

വെളിച്ചത്തിൻെറ മക്കരം
''ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു
എന്നെ അനുഗമിക്കുന്നവൻ
അന്ധകാരത്തിൽ നടക്കുന്നില്ല
അവനു ജീവൻെറ പ്രകാശം ലഭിക്കും''.
പ്രകാശം പ്രസരിപ്പിക്കുന്ന തേജോഗോളങ്ങരം
അവർ അറിയാതെതന്നെ–
പ്രത്യേകം ശ്രമിക്കാതെ–
മററുള്ളവർക്കു് പ്രകാശം ലഭിക്കുന്നു.
സൂര്യൻെറ പ്രകാശം,
അതെല്ലാവർക്കും ഒരുപോലെ.
മഹത്തായ ജീവിതവും,
പ്രകാശം പ്രതിഫലിപ്പിക്കും.
അനേകർ അവരിലേയ്ക്കു് ആകർഷിക്കപ്പെടും;
നല്ല മാതൃക പിന്തുടരാൻ.
വലിയവരെന്നു ഭാവിക്കേണ്ട
സ്വയം കൊട്ടിഘോഷിക്കേണ്ടതില്ല.
മഹാനാണെങ്കിൽ അതു ലോകം മനസ്സിലാക്കും.
യഥാർത്ഥ പ്രകാശം തിരിച്ചറിയാൻ കഴിയും.
ഇല്ലാത്തതു് ഉണ്ടെന്നു് ഭാവിച്ചാലും നിലനില്ക്കില്ല.
വയറുവീർപ്പിച്ച തവളയെപ്പോലെ–
പെട്ടെന്നു നശിക്കും.
തത്വങ്ങളിൽ അടിയുറച്ചു്–
യഥാർത്ഥ മഹത്വം സമ്പാദിക്കാൻ ശ്രമിക്കുക.
അതു സ്വയം വെളിച്ചം പ്രകാശിപ്പിക്കും.

## 13. സ്വർഗ്ഗരാജ്യത്തിൽ വലിയവൻ 5:19

പ്രമാണങ്ങൾ അനുസരിക്കുക–
അനുസരിക്കാൻ മററുള്ളവരെ പഠിപ്പിക്കുക.
അതാണ് വലിയവൻെറ ലക്ഷണം.
പ്രീശന്മാരേയും നിയമജ്ഞരേയും
അതിശയിക്കുന്ന നീതി,
നിയമാനുഷ്ഠാനം മാത്രമല്ല;
ഹൃദയനൈർമ്മല്യവും സരളതയും
സ്നേഹവും സാഹോദര്യവും.
ശിശുക്കളേപ്പോലെ ആയിത്തീരുന്നവൻ,
സ്വയം താഴ്ത്തുന്നവൻ,
അവസാനസ്ഥാനം കാംക്ഷിക്കുന്നവൻ,
സ്വയം നീതീകരിക്കാൻ ശ്രമിക്കാത്തവൻ,
ഇവരൊക്കെ വലിയവരാണ്.
തങ്ങളെത്തന്നെ വലിയവരെന്നു–
ഭാവിക്കേണ്ട.
ഏററം ചെറിയവനായി പരിഗണിക്കുക
അംഗീകാരത്തിനു പരക്കം പായേണ്ട
അർഹമായ പരിഗണന എന്നെങ്കിലും ലഭിക്കും.
അതു് ശാശ്വതമാണ്.
അനർഹമായതു് എന്നിൽനിന്നും മാററപ്പെടും.
വയ്യാത്തഭാരം എടുക്കരുതു്.
കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ.
സ്വയം എളിമപ്പെടൂ.
കൂടുതൽ താഴുന്നതു് കൂടുതൽ ഉയരും
ഇതു് പ്രകൃതിനിയമം കൂടിയാണ്.

## 14. സഹോദരനോട് കോപിക്കുന്നവൻ 5:22

സാഹോദര്യം സ്നേഹം ആവശ്യപ്പെടുന്നു.
ഇതരനെ വ്യക്തിയായി അംഗീകരിക്കുന്നു.
എന്നെപ്പോലെതന്നെയുള്ള വ്യക്തി.
ഞാൻ തെററുകളും കുററങ്ങളുമുള്ളവൻ.
ഒരിക്കലും പൂർണ്ണനല്ല.
''ഞാൻ ആഗ്രഹിക്കുന്ന നന്മയല്ല,
ആഗ്രഹിക്കാത്ത തിന്മയാണു ചെയ്യുക.''
ദുഷിച്ച മാനുഷിക പ്രകൃതിയുടെ ഫലം.
കോപം തെററിലേയ്ക്ക് നയിക്കുന്നു.
''നിൻെറ കോപത്തിന്മേൽ സൂര്യൻ-
അസ്തമിക്കാതിരിക്കട്ടെ.''
''കോപിക്കുന്നവൻ ശിക്ഷാവിധിക്ക് അർഹനാകുന്നു''
തെററുകൾ മാനുഷികമാണെന്ന ബോധവും
തെററു ചെയ്യുന്നവനോട് സഹതാപവും.
സ്നേഹത്തിനേ തിരുത്താനാവൂ.
കോപം വിദ്വേഷമേ വളർത്തൂ.
അതു് ഈർഷ്യയാകാം.
കൂടുതൽ തെററിലേയ്ക്ക് നയിക്കാം.
കോപിക്കുന്നവൻ ചഞ്ചലമാനസൻ.
അവൻ അവിവേകമേ ചെയ്യൂ.
''ഒരു കോപം കൊണ്ടങ്ങോട്ടു ചാടിയാൽ
ഇരു കോപംകൊണ്ടിങ്ങോട്ടു പോരുമോ?''
കോപം കുററത്തിൽനിന്നും മുക്തനാക്കുന്നില്ല
എല്ലാം നന്മയായി കാണുക-കോപം പമ്പകടക്കും.
സ്നേഹമുള്ളവരോടു് കോപിക്കുമോ? സ്നേഹം പരിഹാരം.

## 15. സഹോദരന് വിദ്വേഷമുണ്ടെന്ന് ഓർത്താൽ 5:24

എനിക്കു വിരോധമില്ലെങ്കിലും
എന്നോടു വിരോധമുണ്ടാവാം.
തെററിദ്ധാരണ, അപവാദം, വ്യാജാരോപണം
അസൂയ, ഇനി എത്ര? എത്ര?
മന:പൂർവ്വം വിരോധം വച്ചുപുലർത്തുന്നവർ.
അവരേയും എനിക്കു സ്നേഹിക്കാൻ കഴിയും.
അവർ അറിഞ്ഞും അറിയാതെയും.
അതും തെററിദ്ധരിക്കപ്പെട്ടാലോ?
''രമ്യപ്പെട്ടിട്ടുവന്നു് ബലിയർപ്പിക്കുക''.
സ്വയം വിനീതനാകൂ,
തെററുകാരനല്ലെങ്കിൽക്കൂടി മാപ്പിരക്കൂ,
ആവശ്യത്തിലും ആപത്തിലും സഹായിക്കൂ,
അതിലുപരിപ്രാർത്ഥിക്കൂ.
ഹൃദയങ്ങൾ കാണുന്ന ദൈവം–
അവൻെറ മനസ്സിനെ മാററും.
തെററിദ്ധാരണയുള്ളവനു്–
പിന്നെ ധാരണയെല്ലാം തെററും;
അടിസ്ഥാനം തെററായതുകൊണ്ടു്.
"അടിതെററിയാൽ ആനയും വീഴും''.
വീഴുന്നതിനുമുമ്പു് താങ്ങാൻ ശ്രമിക്കുക;
വീഴുമ്പോൾ താങ്ങുന്നതിനേക്കാൾ എളുപ്പം.
അലംഘനീയനിയമം–
പരമാവധിപരിശ്രമിക്കൂ.
വിദ്വേഷമെല്ലാം മാറും
ഞാൻ എൻെറ ഹൃദയത്തെ കഠിനമാക്കരുതു്.

## 16. സഹോദരനുമായി രമ്യപ്പെടുക 5:25

തെററുകൾ സ്വാഭാവികം.
അതംഗീകരിക്കുക ബുദ്ധിമുട്ട്
തിരുത്താനോ?
തെററുചെയ്തവനുമായി രമ്യപ്പെടുക.
അതെക്കുറിച്ച് ചിന്തിക്കുകതന്നെ പ്രയാസം.
ഞാൻ താഴണം.
ഹൃദയങ്ങൾ തമ്മിലകലുന്നു;
അടുക്കാനാവാത്ത വിധം.
രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ.
പുച്ഛഭാവവും അപരദൂഷണവും
പിന്നെ ഒന്നിനും കണ്ടുമുട്ടില്ല.
അടുത്തിരുന്നാലും അകലങ്ങളിൽ.
ഒരേ സീററിലിരുന്നു യാത്രചെയ്യുന്ന–
ബസ്‌യാത്രക്കാരെപ്പോലെ.
എത്രയോപേരെ കണ്ടുമുട്ടുന്നു
അവർ എനിക്കാരുമല്ല.
അതിലുപരിയാണ് ഇവിടെ.
ദൂഷിക്കാനും കുററം പറയാനും തോന്നും.
ഒന്നേ ഉള്ളുവഴി–മാനസാന്തരം
പുറകോട്ടു തിരിയുക.
വഴിതെററിയെന്നു തോന്നുമ്പോൾ,
നേരെ പുറകോട്ടു്.
സ്വയം ശൂന്യവല്ക്കരിക്കണം.
എങ്കിലേ രമ്യപ്പെടാനാവൂ.

## 17. ഹൃദയത്തിൽ വ്യഭിചാരം 5:28

ഹൃദയം നന്മയുടേയും തിന്മയുടേയും അടിസ്ഥാനം.
ഒരു പ്രവൃത്തി തിന്മയാകുന്നതെപ്പോൾ?
ചെയ്യുന്നതു് തെററാണെന്നു്—
പൂർണ്ണമായ അറിവു്
പൂർണ്ണമായ സമ്മതം
പ്രവൃത്തിയുടെ ഗൗരവം.
ചെറുതെങ്കിലും വലുതെന്ന ബോദ്ധ്യവും
ചെയ്യാനുള്ള മനസ്സിൻെറ പൂർണ്ണസമ്മതവും.
തിന്മയെ വലുതാക്കുന്നു.
തെററല്ലെങ്കിൽക്കൂടി തെററായിത്തീരാം.
അറിവും സമ്മതവുമില്ലെങ്കിൽ—
ഒരു വേളതെററ്, തെററല്ലാതായിത്തീരാം.
മനസ്സിൽ തെററുചെയ്യാൻ നിശ്ചയിച്ചാൽ—
പ്രവൃത്തിയില്ലെങ്കിലും തെററാകും.
വിചാരത്താലുള്ള പാപം.
സംസാരത്താലും പ്രവൃത്തിയാലും
വ്യത്യസ്തതലങ്ങളിൽ.
മനസ്സിനെ സദ്ചിന്തകളാൽ നിറക്കു.
പാപം ചെയ്യാനുള്ള തീരുമാനം
പാപത്തിലേക്കു നയിക്കുന്നു.
പ്രതികൂല സാഹചര്യങ്ങളിൽ നടന്നില്ലെങ്കിൽക്കൂടി—
പാപത്തിനു് ഒഴികഴിവില്ല.
പാപം ആകസ്മികമായി സംഭവിക്കുന്നില്ല.
മനസ്സിൻെറ കണക്കുകൂട്ടലും ഭഗ്നപ്രതീക്ഷകളും
പാപഹേതുവാകുന്നു.

## 18. പാപകാരണമായ അവയവം 5:30

മനുഷ്യൻ പാപിയാണ്.
പാപംചെയ്യുക മാനുഷികം
അതിൽനിന്നു പുറത്തുവരുക ദൈവികം
പാപത്തിൽ നിലനില്ക്കുക പൈശാചികവും.
എങ്ങനെ പുറത്തുവരും?
യുദ്ധം, അഥവാ സമരം അനിവാര്യം.
ശാരീരിക സുഖേച്ഛ, മനുഷ്യനു് സ്വാഭാവികം.
അതു് പാപത്തിലേക്കു് നയിച്ചാലോ?
സുഖത്തിൻെറ കൂടുതലാണു് പാപം.
തിന്നുന്നതിലുള്ള കൂടുതൽ ആർത്തി.
ഉറങ്ങുന്നതിൻെറ കൂടുതൽ മടി.
സ്വയം പുകഴ്ത്തുന്നതിൻെറ കൂടുതൽ അഹങ്കാരം.
വിചാരത്തിലുള്ള കൂടുതൽ അസൂയ.
ലൈംഗികസന്തോഷം അന്വേഷിക്കുന്നതിൻെറ–
കൂടുതൽ വിഷയാസക്തി.
ഇതെങ്ങനെ ഇല്ലാതാകും?
''പാപകരമായ അവയവം വെട്ടിക്കളയുക''
കണ്ണു്, ചെവി, നാവ്, കൈയ്, കാൽ?
പിന്നെയെന്തു് മിച്ചം വരും?
നിഗ്രഹിക്കുക–നശിപ്പിക്കുന്നതിനു തുല്യം.
മനസ്സിനെ, ഹൃദയത്തെ, മനഃപൂർവ്വം.
പാപസാഹചര്യങ്ങളിൽനിന്നും ഓടിയകലുക.
പാപഹേതു മനസ്സ്, ഹൃദയം.
അവയവംപോയാലും ഹൃദയം മാറിയില്ലെങ്കിൽ!
ഹൃദയനവീകരണമാണു് പ്രധാനം.

## 19. ശത്രുക്കളെ സ്നേഹിക്കുക 5:44

''സ്നേഹമാണഖിലസാരമൂഴിയിൽ''
കവിവാക്യമാണതു്.
''ദ്വേഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക
എതിർക്കുന്നവർക്കു നന്മചെയ്യുക''
സ്നേഹിക്കുന്നവരെ സ്നേഹിക്കാൻതന്നെ ബുദ്ധിമുട്ടു്.
സ്നേഹം മനോഭാവമാണു്.
ചിലരോടു് പ്രത്യേക സ്നേഹം തോന്നും
ശാരീരിക പ്രത്യേകതകൾ—സൗന്ദര്യം
സ്വഭാവവൈശിഷ്ട്യം—എളിമ, ആർദ്രത, വീരത്വം.
സഹതാപം—രോഗം, ദുഃഖം.
ഇതെല്ലാം മാനുഷികം.
തുടക്കം വ്യത്യസ്തം
പുരോഗതി ഏകദിശയിലല്ലതാനും.
സഹോദരസ്നേഹം, മക്കളോടുള്ള സ്നേഹം,
ദമ്പതികൾ തമ്മിലുള്ള സ്നേഹം, വൈകാരികസ്നേഹം.
സ്നേഹിക്കുന്നവരിൽ ചിലരെ സ്നേഹിക്കുക
വെറുക്കുന്നവരെ എന്നും വെറുക്കുക.
മനുഷ്യമനസ്സു്–ചിന്തയുടെ കേന്ദ്രം.
ദൈവിക നിയമം–''ശത്രുവിനെ....''
എന്നോടുതന്നെ വെല്ലുവിളി.
ഒഴുക്കിനെതിരെ നീന്താൻ–
ഞാൻ ദൈവിക മനുഷ്യനാകണം.
മനഃപൂർവ്വം ശ്രമിക്കണം.
എങ്കിലേ സാധിക്കൂ–
ശത്രുവിനെക്കൂടി സ്നേഹിക്കാൻ.

## 20. ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക 5:44

ദ്രോഹങ്ങൾ പലവിധം.
ശാരീരികം, മാനസികം.
ശാരീരികമായി; തല്ലുന്നു ആക്രമിക്കുന്നു.
മാനസികം; അപവാദങ്ങൾ പരത്തുന്നു–
ചെയ്യതിനോ ചെയ്യാത്തതിനോ,
വ്യാജാരോപണങ്ങൾ, തെററിദ്ധാരണവഴി.
ഇതെല്ലാം സ്നേഹമില്ലായ്മയാണ്
'സത്യംവദ'
പറയുന്നത് സത്യം മാത്രം;
സത്യമായിട്ടുള്ളതെല്ലാം പറയുകയല്ല.
അന്യന് നന്മമാത്രം ചെയ്യുക.
മാന്യൻ–
മററുള്ളവരെ ഒരുതരത്തിലും വേദനിപ്പിക്കാത്തവൻ.
സമൂഹജീവിതത്തിൽ–
ബുദ്ധിമുട്ടുകൾ, വേദനകൾ സ്വാഭാവികം.
ക്ഷമിക്കാനും സഹിക്കാനും തയ്യാറാകുക.
ആരും പൂർണ്ണരല്ല;
പൂർണ്ണതയിലേയ്ക്ക് വിളിക്കപ്പെട്ടവർ മാത്രം.
തെററുകൾ സ്വാഭാവികം.
അറിഞ്ഞോ അറിയാതെയോ–
വേദനിപ്പിക്കുന്നവരോട് ക്ഷമിക്കുക,
രമ്യപ്പെടാൻ ശ്രമിക്കുക;
സാദ്ധ്യമല്ലായിരിക്കും
പ്രാർത്ഥിക്കുകയെങ്കിലും ചെയ്യാമല്ലോ.
ദൈവം അവൻെറ മനസ്സുതിരിക്കും.

## 21. സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ 5:46

സ്നേഹം ആന്തരികമാണ്.
മനസ്സിൻേറയും ബുദ്ധിയുടേയും പ്രവർത്തനം.
നിർബ്ബന്ധിച്ച് വരുത്താവുന്ന ഒന്നല്ലതു്.
എന്നെ സ്നേഹിക്കാൻ എനിക്കു നിർബന്ധിക്കാനാവില്ല.
സ്നേഹം കൊടുത്തു് സ്നേഹം വാങ്ങണം.
''നിന്നോട് മററുള്ളവർ എങ്ങനെ–
പ്രവർത്തിക്കണമെന്നു്
നീ ആഗ്രഹിക്കുന്നുവോ അതുപോലെ–
അവരോടും പ്രവർത്തിക്കുക''
എന്നെ മററുള്ളവർ സ്നേഹിക്കണമെന്നു്–
വാശിപിടിക്കുകയും
മററുള്ളവരെ ദ്വേഷിക്കുകയും ചെയ്യുന്നവൻേറ
സ്ഥിതി എന്തു്?
സ്വാർത്ഥതയല്ല, ആത്മാർത്ഥത
അതാണാവശ്യം.
ഇതര വ്യക്തിയെ എന്നേപ്പോലുള്ള–
വ്യക്തിയായി അംഗീകരിക്കുക,
തെററുകളോടും കുററങ്ങളോടുംകൂടെ–
സ്വീകരിക്കുക;
നിസ്വാർത്ഥമായി.
എന്തുകിട്ടുമെന്നു കരുതിയല്ല.
കിട്ടുന്നതിലുപരി കൊടുക്കുക.
അതാണ് സന്തോഷം.
എനിക്കില്ലാത്ത വസ്തുക്കളാണ് എൻേറ സ്വന്തം.
ഞാൻ കൊടുക്കുന്നതാണ് എനിക്കു ലഭിക്കുന്നതു്.

## 22. പരിപൂർണ്ണരായിരിക്കുവിൻ 5:48

എല്ലാവരും പൂർണ്ണതയിലേയ്ക്കു് വിളിക്കപ്പെട്ടവർ
പൂർണ്ണത ദൈവത്തിൽ മാത്രം.
അതിനെ ലാക്കാക്കി പ്രവർത്തിക്കാൻ കഴിയും–
ചിന്തയിൽ,
മനോഭാവത്തിൽ,
ഇടപെടലുകളിൽ,
പ്രവർത്തനങ്ങളിൽ,
മാതൃക നമ്മുടെ മുമ്പിലുണ്ടു്.
സ്വർഗ്ഗസ്ഥനായ പിതാവു്
ഈശോ–മനുഷ്യനായ ദൈവം.
ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും
സൃഷ്ടിക്കപ്പെട്ടു.
ദൈവത്തെപ്പോലെ ആകാൻ സാധിക്കുമോ?
അവിടുന്നു് സർവ്വശക്തൻ, തെററുപററാത്തവൻ.
മനുഷ്യനു് തെററുപററുക സ്വാഭാവികം മാത്രം.
പാപി, ബലഹീനൻ.
പാപംവഴി ദൈവത്തിൽനിന്നുമകലുന്നു
ഈശോ നമുക്കുവേണ്ടി–
ജനിച്ചു, ജീവിച്ചു, മരിച്ചു.
ഏററവും നല്ല മാതൃക നൽകി–
പിതാക്കന്മാരും വിശുദ്ധരും.
നമുക്കു് മാതൃകയുടെ കുറവല്ല–
മനോഭാവത്തിന്റെ.
പരിപൂർണ്ണരാകാൻ ശ്രമിക്കുക
അതാണു് മഹത്വത്തിനുള്ള വഴി.

## 23. രഹസ്യമായി ദാനധർമ്മം 6:4

പ്രവൃത്തികഠം രണ്ടുവിധം:
എല്ലാവരും അറിയണമെന്നു് ആഗ്രഹിക്കുന്നവ.
ആരും അറിയരുതെന്നു് കാംക്ഷിക്കുന്നവ.
നന്മയും തിന്മയും
ശരിയും തെററും
അറിയണമെന്നു് ആഗ്രഹിക്കുന്നതും തെററാവാം.
അഹങ്കാരം—ഞാൻമാത്രം വലുതെന്നഭാവം.
അതു പലരും അംഗീകരിച്ചെന്നു വരില്ല.
അസൂയ സ്വാഭാവികമാണല്ലോ.
അറിയരുതെന്നു് ആഗ്രഹിക്കുന്നവ
''പുരമുകളിൽനിന്നു പ്രഖ്യാപിക്കപ്പെട്ടും''
ഇന്നല്ല—അന്തിമനാളിൽ.
മററുള്ളവർ അറിയാത്ത നല്ല കാര്യങ്ങഠം—
അതിനാണു് യഥാർത്ഥ പ്രതിഫലം,
ഇന്നല്ലെങ്കിൽ നാളെ.
ദൈവതിരുമുമ്പിലും മനുഷ്യരിലും
മഹത്വീകരണത്തിനു കാരണമാകും.
പ്രീശന്മാരും നിയമജ്ഞരും
എല്ലാം കൊട്ടിഘോഷിച്ചു,
പരസ്യമായി ചെയ്തു,
മററുള്ളവരെ കാണിക്കാൻ മാത്രം.
അവർക്കു പ്രതിഫലം കിട്ടിക്കഴിഞ്ഞു;
മനുഷ്യരുടെ പരിഹാസവും ഈശോയുടെ നിന്ദനവും.
രഹസ്യമായ സത്പ്രവൃത്തികഠം
സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കും.

## 24. രഹസ്യമായി പ്രാർത്ഥിക്കുക 6:6

ആരും കാണാതെ എന്നാണോ അർത്ഥം?
ഉത്തരം അതെ എന്നും അല്ലാ എന്നും.
ഒരു ചോദ്യത്തിനു് രണ്ടുത്തരമോ?
അതും പരസ്പര വിരുദ്ധമായതു്?
പ്രാർത്ഥന പരസ്യവും രഹസ്യവുമാണു്.
സമൂഹപ്രാർത്ഥന–
അതു് എല്ലാവരും കൂടിയാണു്.
പ്രത്യേക അനുഗ്രഹങ്ങളുമുണ്ടു്.
അതിൽനിന്നു മാറിനിൽക്കുന്നതു് ശരിയല്ല.
വി. കുർബാന, ധ്യാനം, ആരാധന.
രഹസ്യത്തിലോ?
പ്രാർത്ഥന–
മററുള്ളവരെ കാണിക്കാൻവേണ്ടിയാകരുതു്.
ഹൃദയങ്ങൾ തമ്മിലുള്ള സംഭാഷണം.
ദൈവവും മനുഷ്യനും തമ്മിൽ
ഹൃദയം കാണുന്ന കർത്താവ്–
പ്രതിഫലം തരും.
മററുള്ളവരെ കാണിക്കാൻവേണ്ടി?
പ്രതിഫലം കിട്ടിക്കഴിഞ്ഞു.
മററുള്ളവരുടെ മുമ്പിൽ നല്ലവൻ,
അതു് എന്നെ കാണുമ്പോൾമാത്രം.
കാണാത്തപ്പോൾ, ''ഓ, ഒരു പുണ്യവാൻ''
അസൂയയാവും, നിന്ദാപാത്രവും.
രഹസ്യത്തിൽ കാണുന്ന ദൈവത്തോടു്
രഹസ്യത്തിൽ പ്രാർത്ഥിക്കുക–പ്രതിഫലം നിശ്ചയം.

## 25. അതിഭാഷണം ചെയ്യരുത് 6:7

ഇതും പ്രാർത്ഥനയുടെ കാര്യമാണ്.
വളരെ പ്രാർത്ഥന ചൊല്ലുക–
പ്രതിഫലം കിട്ടുമെന്ന പ്രതീക്ഷയാൽ,
വിജാതീയരുടെ ചിന്തയാണതു്.
എൻെറ ആവശ്യങ്ങൾ ദൈവത്തിനറിയാം.
അവിടുന്നെല്ലാം കാണുന്നുണ്ടല്ലോ.
പിന്നെയെന്തിനു ചോദിക്കണം. അല്ലേ?
എനിക്കാവശ്യമുണ്ടെന്നു് അറിയുന്നതെല്ലാം–
മററുള്ളവർ തരണമെന്നുണ്ടോ?
തീർത്തും സാദ്ധ്യത കുറവ്.
കിട്ടണമെങ്കിൽ ചോദിക്കണം.
കിട്ടുന്നതു് വാചക വശ്യതയുടെ ഫലമല്ല;
മനോഭാവത്തിൻെറ.
ഏതിനും മനോഭാവമാണ് പ്രധാനം.
ദുഷ്ടനു് ദുഷ്ചിന്തകൾ സ്വാഭാവികം.
നല്ലമനുഷ്യൻ നല്ലരീതിയിൽ ചിന്തിക്കുന്നു.
കൂടുതൽ ചോദിച്ചതുകൊണ്ടു് കിട്ടണമെന്നില്ല.
ഓരോരുത്തരുടേയും ആവശ്യം ദൈവത്തിനറിയാം.
കൊച്ചുകുട്ടികൾക്കും മുതിർന്നവർക്കും–
ഒരേ തരത്തിലുള്ള ഭക്ഷണമാണോ കിട്ടുക?
കൂടുതൽ കഴിച്ചാൽ കുഞ്ഞിനു് അജീർണ്ണം പിടിക്കും.
അറിവുള്ള മാതാവ് അതനുസരിച്ചേ കൊടുക്കൂ.
കൂടുതൽ ചോദിച്ചാലും കൂടുതൽ കിട്ടില്ല;
ആവശ്യത്തിനു മാത്രം.
ദൈവവുമായി നല്ല ബന്ധത്തിലായിരിക്കുക.

## 26. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ 6:9

നാം ഒരേ പിതാവിൻെറ മക്കൾ.
ദൈവം നമ്മുടെ പിതാവ്.
മനുഷ്യരെല്ലാം എൻെറ സഹോദരങ്ങൾ.
അവരെ എന്നേപ്പോലെ സ്നേഹിക്കണം.
തത്വങ്ങളുടെ കുറവല്ല.
പ്രയോഗത്തിൽ വരുത്താനുള്ള വൈഷമ്യം.
ഒരേ പിതാവിൻെറ മക്കളാകയാൽ–
സമഭാവന, സമാനപ്രവർത്തനം
അതാണ് കൂടുതൽ വിഷമം.
തനിക്കുതാൻ പോന്ന എൻെറ ജീവിതം
അതിനി തുടരാനാവില്ല.
മററുള്ളവരെ സഹായിക്കാനുള്ള അവസരം
വൃഥാവിലാക്കിക്കൂടാ.
അവിടെയാണ് സ്വാതന്ത്ര്യം തലപൊക്കുക.
''അടുത്ത പ്രാവശ്യമാകാം''
''ഇപ്രാവശ്യംകൂടി മാത്രം''
നാളെ നാളെ; നീളെ നീളെ.
യാഥാർത്ഥ്യം അംഗീകരിക്കണം.
ഒരേ പിതാവിൻെറ മക്കൾ–
ഒരേ വീട്ടിലെ അംഗങ്ങൾതന്നെ–
ഐക്യത്തിലല്ല–
പിന്നെയല്ലെ എല്ലാവരും?
ഒന്നാകാൻ ശ്രമിക്കുന്നവർക്ക് സൗഭാഗ്യം.
'ഐകമത്യം മഹാബലം'
ചിതറുന്നവർ ചിതറിക്കപ്പെടും.

## 27. തെററു ചെയ്തവരോടു ക്ഷമിക്കുന്നതു പോലെ 6:12

തെററുചെയ്യുക മാനുഷികമാണ്
മന:പൂർവ്വമോ അല്ലാതെയോ-
നമ്മെ ഉപദ്രവിക്കുന്നവർ,
അസൂയയും വിദ്വേഷവും പുലർത്തുന്നവർ,
വ്യാജാരോപണങ്ങൾ നടത്തുന്നവർ,
തെററിദ്ധരിക്കുന്നവർ,
ഇവരോടുള്ള മനോഭാവമെന്ത്?
അതേനാണയത്തിൽ തിരിച്ചു നല്കണമോ?
അതാണോ മനുഷ്യത്വം?
അതോ ക്ഷമിക്കുന്നതോ?
ഏഴ് എഴുപതു പ്രാവശ്യമല്ല-
ക്ഷമിക്കേണ്ടതു്.
ഞാനും തെററുകാരനാണ്.
തെററിനെല്ലാം ശിക്ഷിക്കപ്പെട്ടാലുള്ള സ്ഥിതി എന്ത്?
കാരുണ്യംകൊണ്ടു മാപ്പുലഭിക്കുന്നു,
അതുപോലെ മററുള്ളവരോടും.
ഞാനും ക്ഷമാശീലനാകണം.
ഞാൻ ക്ഷമിക്കുന്നതുപോലെയാണ്
എന്നോടും ക്ഷമിക്കപ്പെടുക.
''സ്വർഗ്ഗസ്ഥനായ പിതാവേ''
വ്യവസ്ഥ വയ്ക്കുന്നു.
ഞങ്ങൾ ക്ഷമിക്കുന്നതുപോലെ
ഞങ്ങളോടും ക്ഷമിക്കണമേ.
ക്ഷമിക്കാതെ ക്ഷമചോദിക്കാൻ അവകാശമുണ്ടോ?
അവകാശപ്പെടാത്തതു് ലഭിക്കുകയില്ല.

## 28. ഭൂമിയിൽ നിക്ഷേപമരുത് 6:19

''സമ്പാദ്യശീലം വളർത്തുക.
നിക്ഷേപസമാഹരണ യജ്ഞം.
മിതവ്യയം ശീലിക്കുക.
ഭാവി സുരക്ഷിതമാക്കു''
നിരന്തരം കേൾക്കുന്ന വാക്കുകൾ.
ലൗകികസമ്പത്തിനുള്ള പരക്കംപാച്ചിൽ-
ജീവിതത്തെ ശ്രേഷ്ഠമാക്കും; ശ്രേയസ്കരവും.
സമ്പന്നനെ ആരും ബഹുമാനിക്കും.
നിർദ്ധനൻ അപമാനിതനും.
എന്നാൽ ഭൂമിയിലെ നിക്ഷേപം
ശാശ്വതമല്ല.
കള്ളൻ കുത്തിക്കവരും
തുരുമ്പും കീടങ്ങളും നശിപ്പിക്കും
ആപത്ത് ഏതു നിമിഷവുമുണ്ടാകാം.
സമ്പന്നൻ സമാധാനമായി കിടന്നുറങ്ങുമോ?
''എവിടെ നിക്ഷേപം-അവിടെ ഹൃദയം''
ലൗകിക വസ്തുക്കളിൽ?....
ഹൃദയം ദൈവത്തിലേയ്ക്കുയരുകയില്ല.
ഈ ലോകത്തിനപ്പുറമൊരു ജീവിതമുണ്ട്.
ഹൃദയം ദൈവത്തിലായിരിക്കണമെങ്കിൽ-
അവിടെ നിക്ഷേപമുണ്ടാകണം.
സത്പ്രവൃത്തികൾ, പരിത്യാഗം, സേവനം,
സന്മനോഭാവം, പ്രാർത്ഥന, ഉപവാസം.
ദൈവത്തിനു പ്രീതികരം;
സ്വർഗ്ഗത്തിലേ നിക്ഷേപം.

## 29. സ്വർഗ്ഗത്തിൽ നിക്ഷേപം 6:20

എങ്ങനെ നിക്ഷേപിക്കണമെന്നു് പലർക്കുമറിയാം.
അറിയാത്തവരുമുണ്ടു്–
നിർദ്ധനർ–
എത്രലക്ഷം കിട്ടിയാലും നശിപ്പിക്കുന്നവർ.
വലിയ സമ്പാദ്യശീലരുമുണ്ടു്.
ഇതെല്ലാം ഈ ഭൂമിയിൽ.
സ്വർഗ്ഗത്തിൽ നിക്ഷേപിക്കാനോ?
അതാണു് കൂടുതൽ ബുദ്ധിമുട്ടു്.
നാം സമ്പാദിക്കുന്നതൊന്നും–
ധനം, പ്രശസ്തി, മാനം, സ്വാധീനം–
സ്വർഗ്ഗത്തിലേക്കു് കൊണ്ടുപോകാനാവില്ല.
മഹാനായ അലക്സാണ്ടർ
ശവശയ്യയിൽ, രണ്ടുകൈയും വെളിയിൽ
സമ്പാദിച്ചതൊന്നും കൊണ്ടുപോകുന്നില്ല.
പിന്നെ സ്വർഗ്ഗത്തിൽ എന്തുകിട്ടും?
തുരുമ്പും കീടങ്ങളും കള്ളന്മാരുമില്ലാത്ത
സ്വർഗ്ഗത്തിൽ നിക്ഷേപിക്കാനാഹ്വാനം.
''നിക്ഷേപമെവിടെയോ അവിടെ ഹൃദയവും''
ഈ ഭൂമിയിൽ നേടുന്നതു് സ്വർഗ്ഗത്തിൽ നഷ്ടപ്പെടും.
നഷ്ടപ്പെടുത്തുന്നവ–നേടും.
''ഉള്ളതെല്ലാം വിററു് ദരിദ്രർക്കു കൊടുക്കുക''
മററുള്ളവരെ സഹായിക്കുക–
സ്നേഹസേവനം.
''എളിയവരിൽ ഒരുവനു് ഒരു പാത്രം പച്ചവെള്ളം''
പ്രതിഫലം ലഭിക്കാതിരിക്കില്ല–സ്വർഗ്ഗത്തിൽ.

## 30. കണ്ണാണ് ശരീരത്തിൻെറ വിളക്ക് 6:22

പഞ്ചേന്ദ്രിയങ്ങൾ
എനിക്ക് അനുഭവങ്ങൾ തരുന്നു–
അറിവ്, അനുഭൂതികൾ.
കണ്ണ് അതിൽ പ്രധാനം
മനോഹരമായ പ്രപഞ്ചം, സൃഷ്ടവസ്തുക്കൾ
പ്രകൃതിഭംഗി, വ്യക്തികൾ, സംഭവങ്ങൾ
എല്ലാം കാണാൻ, അറിവു സമ്പാദിക്കാൻ.
കണ്ണില്ലെങ്കിൽ ജീവിതം ഇരുളടഞ്ഞതു്.
കണ്ണുണ്ടെങ്കിലും അങ്ങനെയാകാം.
കണ്ണടച്ചിരുട്ടാക്കുന്നവർ
നട്ടുച്ചയ്ക്കും കാണാത്തവർ
സത്യത്തിനുനേരെ കണ്ണടയ്ക്കുന്നവർ
എല്ലാം കാണാൻ കണ്ണുതുറക്കുക.
നന്മയും തിന്മയും, സത്യവും അസത്യവും,
വഞ്ചനയും കാപട്യവും സ്വജനപക്ഷപാതവും.
എല്ലാം സ്വീകരിക്കാനല്ല
നല്ലതു് സ്വീകരിച്ച്–
മോശമായവ തിരസ്കരിക്കുക.
വിവേചനാശക്തിവേണം.
വിമർശന സിദ്ധിയും നല്ലതുതന്നെ.
ഗുണത്തിനുവേണ്ടിയാകണം.
കാടടച്ചു വെടിവയ്ക്കരുതു്.
നിരപരാധികളും അപകടത്തിൽപ്പെടാം
സത്യത്തിനുനേരെ കണ്ണുതുറക്കുക;
സ്വീകാര്യമല്ലെങ്കിൽക്കൂടി.

## 31. രണ്ടു യജമാനന്മാർ സാദ്ധ്യമല്ല 6:24

തികച്ചും മാനുഷികമായ ചിന്തയാണതു്.
ഒരേ സമയം രണ്ടുപേരെ സേവിക്കുക
ഒരേ തലത്തിലും ഒരേ സ്ഥലത്തും–
പരിശ്രമിക്കാമെന്നേയുള്ളൂ.
വ്യത്യസ്ത തലങ്ങളിൽ, സ്ഥലങ്ങളിൽ?
തീർത്തും അസാദ്ധ്യം.
മനുഷ്യൻ ഏകൻ.
പ്രവർത്തനങ്ങൾ വൈവിദ്ധ്യമെങ്കിലും
ഒരേ സമയം ഒന്നു്.
അതിലുപരി ചിന്തിക്കാനാവില്ല.
ദൈവത്തേയും മാമോനേയും?
ചിന്താഗതികൾ, പ്രവൃത്തികൾ, കടകവിരുദ്ധം.
ഒരിക്കലും രമ്യപ്പെടുത്താനാവില്ല.
എന്നാലതും നടക്കുന്നു.
ഭക്തരെന്നു ഭാവിക്കുന്നവർ
അങ്ങനെ കാണപ്പെടാനാഗ്രഹിക്കുന്നവർ
ഉള്ളിന്റെ ഉള്ളിൽ–
തിന്മയുടെ കുമ്പാരം.
അധിക്ഷേപം, അഹങ്കാരം, ദുർവൃത്തി.
പൊയ്മുഖമണിയുന്നവർ.
ഒരിക്കൽ പൂച്ച് പുറത്താകും.
ഇല്ലെങ്കിലും, ഹൃദയങ്ങൾ–
കാണുന്നവനാണു് ദൈവം.
അവിടുത്തെ കബളിപ്പിക്കാനാവില്ല.
ദൈവത്തെ സേവിക്കാൻ തയ്യാറാവൂ.

## 32. ദൈവരാജ്യവും ധർമ്മവും അന്വേഷിക്കുവിൻ 6:33

എനിക്കു പലതും അന്വേഷിക്കാനുണ്ട്.
എന്റെ സുഖം, സന്തോഷം, ആരോഗ്യം,
വിദ്യാഭ്യാസം ഇങ്ങനെ അനവധി.
എന്നാൽ അതിലും പ്രധാനമായതുണ്ട്:
ദൈവരാജ്യമന്വേഷിക്കുക.
അതു മാനുഷികതത്വത്തിനതീതമാണ്
എന്നേയും എന്റെ സാഹചര്യങ്ങളേയും–
അവഗണിക്കുന്നതാണ്;
അതിലുപരി എന്തോ കാണുന്നതാണ്.
അത് മനുഷ്യന് സാദ്ധ്യമാണ്–
മാനുഷികതയ്ക്കല്ല.
അതിലുപരിയായി ഉയരാൻ കഴിയണം.
എന്നെത്തന്നെ മാററിവയ്ക്കണം
പിന്നെ ഭാവിയെക്കുറിച്ച് ചിന്തിക്കേണ്ടിവരില്ല;
ആകുലതയും ഇല്ലാതാകും.
ആകുലപ്പെട്ടുകൊണ്ടെന്തു ഫലം?
നാളയെക്കുറിച്ച് ചിന്തിക്കാൻ
നാളെ ധാരാളം കാര്യമുണ്ടാകും.
മാനുഷികപരിഗണനകൾ മാററിവച്ച്
ദൈവികകാര്യങ്ങൾ ചിന്തിക്കു–
എല്ലാം ദൈവതിരുമനസ്സായി കാണുക.
എങ്കിൽ സങ്കടപ്പെടേണ്ടിവരില്ല
കഴിഞ്ഞതു കഴിഞ്ഞു.
വരാനുള്ളത് വരുന്നതേ ഉള്ളൂ
അതിനിടയ്ക്ക് ഇന്നിന്റെ മക്കളായി ജീവിക്കാം.

## 33. നാളയെപ്പററി ചിന്താകുലരാകേണ്ട 6:34

ഭാവി അനിശ്ചിതം.
എന്തു സംഭവിക്കും?
എന്തു ഭക്ഷിക്കും? എങ്ങനെ ജീവിക്കും?
എൻെറ സമ്പത്തു്, അഭിമാനം, ആരോഗ്യം
സ്ഥാനം, പദവി, സൗകര്യങ്ങൾ
അവയെക്കുറിച്ചു് ചിന്തിച്ചാൽ ജീവിക്കാനാവില്ല.
ഇന്നത്തെ ജീവിതം ജീവിക്കുക.
നാളത്തെ കാര്യം നാളെയല്ലേ?
അനുദിനജീവിതത്തിലെ കുരിശെടുക്കുക.
നാളത്തെ കുരിശുകൾ?
അതിനു് ഇപ്പോഴേ വ്യാകുലപ്പെടണോ?
മനുഷ്യൻ ചിന്തിക്കുന്ന മൃഗം–
ചിന്തയാണല്ലോ പലപ്പോഴും കുഴപ്പം
ചിന്തയില്ലാത്ത മൃഗങ്ങൾ, പക്ഷികൾ
അവയ്ക്കു് സൗഭാഗ്യം.
ഇന്നുള്ളതു് ഇന്നു് തിന്നുക
ശേഷം പിന്നാലെ.
കൂടുതൽ ഉള്ളവനു് കൂടുതൽ ആകുലത
സമ്പത്തു്, സ്ഥാനം, ആരോഗ്യം
ഇതില്ലാത്തവൻ സൗഭാഗ്യവാൻ.
കടത്തിണ്ണയിലെ യാചകൻ
സുഖമായി കിടന്നുറങ്ങുന്നു
പട്ടുമെത്തയിലെ കോടീശ്വരൻ
നാളയെക്കുറിച്ചു് ചിന്തിച്ചു് വ്യാകുലൻ.
ഓരോ ദിവസത്തേയും കഷ്ടതകൾ ധാരാളം മതി.

## 34. വിധിക്കാതിരിക്കുക 7:1

മനുഷ്യൻ ചിന്തിക്കുന്ന മൃഗം.
കൂട്ടലും കുറയ്ക്കലും ഗുണിക്കലും ഹരിക്കലും.
ഉത്തരം–മുൻവിധി
വ്യക്തികളെക്കുറിച്ച്, സംഭവങ്ങളെക്കുറിച്ച്
പലപ്പോഴും പക്ഷപാതപരമാകാം.
ചിന്താഗതികൾ വൈവിദ്ധ്യങ്ങൾ.
ചിന്തയിൽ വിഭിന്നർ.
ഒരു കാര്യത്തെക്കുറിച്ച് പലർ, പല അഭിപ്രായം.
അഭിപ്രായങ്ങൾ മുൻവിധിയെ ബാധിക്കും;
അനുദിനസംഭവങ്ങൾ കാണുന്നതിനേയും.
ആരേയും വിധിക്കാതിരിക്കുക.
പ്രത്യേകിച്ചും മുൻകൂർ ധാരണകൾ
മനുഷ്യൻ പ്രവചനത്തിനതീതനാണ്;
പ്രവൃത്തികൾ അതിലുപരിയും.
വിധികൾ, കണക്കുകൂട്ടലുകൾ,
തെററുക വളരെ എളുപ്പം
മററുള്ളവരോട് പറഞ്ഞാലോ?
ധാരണപ്പിശകിന് അധികം സമയംവേണ്ട,
അതു് വഴക്കിലേയ്ക്കു് നയിക്കാം.
എൻെറ വിധിയാൽ ഞാനും വിധിക്കപ്പെടും.
മാനദണ്ഡം ഒന്നുതന്നെയാണല്ലോ.
അളവുകോൽ ഒന്നുതന്നെ
മററുള്ളവരെക്കുറിച്ച് നന്നായി ചിന്തിക്കു.
ഞാനും നല്ലവനാകും
ചിന്തയാണല്ലോ പ്രവർത്തനത്തിനടിസ്ഥാനം.

## 35. കണ്ണിലെ തടിക്കഷണം 7:3

കുററാരോപണം മനുഷ്യസഹജവാസന.
അനങ്ങിയാൽ കുററം, തിരിഞ്ഞാൽ കുററം,
വെറുതെയിരുന്നാൽ കുററം,
എങ്ങും എവിടെയും കുററം.
അതു് ആരോപിക്കുന്നവർ പരിശുദ്ധരോ?
മററുള്ളവരുടെ കുററം കാണുക എളുപ്പമാണു്;
സ്വന്തം കുററം കാണുക ബുദ്ധിമുട്ടു്.
ടോർച്ചടിച്ചാൽ മററുള്ളവരെ കാണാം
അവരുടെ വൈകൃതങ്ങളും, വൈചിത്ര്യങ്ങളും.
സ്വയം കാണണമെങ്കിലോ?
മുഖത്തു് ടോർച്ചടിച്ചാൽ മാത്രം പോരാ.
മുഖക്കണ്ണാടികൂടി വേണം.
അതിൽ നോക്കു
അപ്പോൾ കാണാം—എത്ര വിരൂപം
അതു നോക്കാനാർക്കു നേരം.
മററുള്ളവനെ കുററപ്പെടുത്താൻ—
തിരുത്താൻ
ഉപദേശിക്കാൻ
പോരാ, ഗുണദോഷിക്കാൻ
എത്ര എളുപ്പം.
ഞാൻ വലിയവൻ
എൻെറ മുമ്പിൽ മാത്രം.
മററുള്ളവരേക്കാൾ നീചനായ ഞാൻ
എന്തിനവരെ തിരുത്തണം?
ആദ്യം സ്വയം നന്നാകു—എന്നിട്ടു് മററുള്ളവരെ.

## 36. മുത്തുകൾ പന്നികൾക്കു കൊടുക്കരുത് 7:6

കഴിവുകഠം വ്യത്യസ്തം.
ബുദ്ധിശക്തിയും
ഗ്രഹണശക്തിയും
തീരുമാനമെടുക്കാനുള്ള കഴിവും.
ഓരോരുത്തർക്കും കഴിയുന്നതേ സ്വീകരിക്കാനാവൂ.
കഴിവിനപ്പുറം പ്രതീക്ഷിക്കരുത്
വെള്ളംനിറഞ്ഞ കലത്തിൽ
വീണ്ടും വെള്ളം നിറയ്ക്കാനാവുമോ?
ഉള്ളതു് കളയാതെ.
എൻെറ പരിധിക്കപ്പുറമുള്ള കാര്യങ്ങഠം
അതു ഞാനെങ്ങനെ ചെയ്യും?
എൻെറ ലോകത്തിനപ്പുറമുള്ള കാര്യങ്ങഠം
എങ്ങനെ മനസ്സിലാക്കും?
കൊച്ചുകുട്ടിക്കു് നല്ലതും ചീത്തയും തിരിച്ചറിയില്ല.
കിട്ടുന്നതെല്ലാം വായിൽ വയ്ക്കും
അതിനവനെ പഴിച്ചിട്ടു കാര്യമില്ല
ആവശ്യമുള്ളതുമാത്രം കൊടുക്കാൻ ശ്രമിക്കണം.
രത്നവും കല്ലും തിരിച്ചറിയാനാവില്ല.
കടലാസും രൂപാനോട്ടും വ്യത്യസ്തമല്ല.
സാരോപദേശവും സാധാരണ സംഭാഷണവും
വിലപിടിപ്പുള്ള ഉപകരണങ്ങളും
കളിപ്പാട്ടങ്ങളും—എല്ലാം ഒന്നുപോലെ.
വിലപിടിപ്പുള്ള വസ്തുക്കഠം
അതിൻെറ മൂല്യമറിയാത്തവരിൽനിന്നും
അകററിനിറുത്തു—സാരോപദേശങ്ങളും.

## 37. ചോദിക്കുവിൻ ലഭിക്കും 7:7

മനുഷ്യന് ആവശ്യങ്ങളേറെ.
എത്ര കിട്ടിയാലും മതിവരില്ല.
കിട്ടുന്തോറും കൂടുതൽ കിട്ടാനുള്ള ആഗ്രഹം
അതു മനുഷ്യസഹജവും.
ആവശ്യമുള്ളതു് ചോദിച്ചാൽ ലഭിക്കും.
ഇതു് പ്രധാനമായും പ്രാർത്ഥനയെക്കുറിച്ചു്.
പ്രാർത്ഥന ആരാധനയാണു്,
കൃതജ്ഞതാപ്രകാശനമാണു്,
മാപ്പിരക്കലാണു്,
മദ്ധ്യസ്ഥത വഹിക്കുകയാണു്,
ആവശ്യങ്ങൾ അറിയിക്കുകയുമാണു്.
''എന്റെ നാമത്തിൽ പിതാവിനോടു
ചോദിക്കുന്നതെല്ലാം ലഭിക്കും''
എല്ലാം-നമുക്കു നന്മയായിട്ടുള്ളതെല്ലാം
'അവന്റെ തലയിൽ ഇടിത്തീ വീഴണേ'
അതു നന്മയല്ല-ശാപമാണു്.
നല്ലകാര്യങ്ങൾ ഏതെന്നു്-
എന്നേക്കാളധികം-
ദൈവത്തിനറിയാം.
ലഭിക്കാൻ തക്കവിധം ചോദിക്കു
യാചകനു് ആവശ്യം കോടിക്കണക്കിനു രൂപയല്ല:
ആഹാരം, വസ്ത്രം, പാർപ്പിടം.
രോഗിക്കാവശ്യം ആരോഗ്യം.
ആവശ്യമുള്ള കാര്യങ്ങൾ-യഥാർത്ഥ ആവശ്യം-
ചോദിച്ചാൽ ലഭിക്കുമെന്നു തീർച്ച.

## 38. മററുള്ളവരോട് എങ്ങനെ വർത്തിക്കണം 7:12

എന്നോട്ട് എല്ലാവരും നന്നായി പെരുമാറണം:
ബഹുമാനം, പരിഗണനന, സ്നേഹം, സഹതാപം,
മന്ദഹാസം, ആവശ്യങ്ങളിൽ സഹായം.
ഞാനാർക്കും ഇതു് നൽകുകയുമില്ല.
കിട്ടിയില്ലെങ്കിൽ അത്ഭുതമില്ല
നൽകാത്തതു് എങ്ങനെ ലഭിക്കും?
ഞാൻ കൊടുക്കുന്നതാണു്–
എനിക്കു് ലഭിക്കുന്നതു്.
''എന്നോട്ട് മററുള്ളവർ എങ്ങനെ–
വർത്തിക്കണമെന്നു് ആഗ്രഹിക്കുന്നുവോ
അതുപോലെ അവരോടും''
ഇതാണു് പ്രമാണം.
കുരങ്ങിന്റെ നേരെ പൂമാലയെറിഞ്ഞാൽ
പൂമാല തിരിച്ചെറിയും.
കല്ലാണെങ്കിലോ?
തന്റെ പ്രവൃത്തികൾക്കനുസരണം പ്രതിഫലം.
മററുള്ളവരെ നിന്ദിക്കുന്നവനു്,
ദൂഷണം പറയുന്നവനു്,
അപമര്യാദയായി പെരുമാറുന്നവനു്,
പരിഗണനയും ബഹുമാനവും
പ്രതീക്ഷിക്കാനാവില്ല.
കിട്ടാത്തതു് കൊടുക്കാൻ ആരെങ്കിലും മുതിരുമോ?
കണ്ണാടിയുടെ മുമ്പിൽനിന്നു ചിരിക്കു,
പ്രതിരൂപവും ചിരിക്കും.
ദേഷ്യപ്പെട്ടാലോ, അതുതന്നെ തിരികെ കിട്ടും.

## 39. ഇടുങ്ങിയ വാതിലിലൂടെ കടക്കുക 7:13

ഈ ലോകത്തിന്റെ വഴി വീതിയുള്ളതാണ്
അനേകായിരങ്ങൾ അതിലൂടെ നടക്കുന്നു.
ഏതാണ് ആ വഴികൾ?
അനീതി, അക്രമം,
സ്വജനപക്ഷപാതം, സ്വാധീനശക്തി,
വിഷയാസക്തി, മോഷണം.
ഇങ്ങനെ എത്രവേണമെങ്കിലുമാകാം.
എല്ലാവർക്കും കടക്കാനെളുപ്പമുള്ളതാണ്.
വീതി കുറഞ്ഞ വഴികളുമുണ്ട്.
സത്യസന്ധത, നീതി, ധാർമ്മികത, സേവനം, സ്നേഹം.
കണ്ടെത്തുന്നവർ ചുരുക്കം.
അതിലൂടെ കടക്കുന്നവർ ചുരുക്ക;
നടക്കുന്നവരും ചുരുക്കം;
ഇത് സ്വർഗ്ഗത്തിലേയ്ക്ക് നയിക്കുന്നതാണ്.
സ്വയം ത്യജിക്കണം.
മററുള്ളവർക്ക് എല്ലാം നൽകണം.
സ്വന്തം ഇഷ്ടം മാററിവയ്ക്കണം.
അഹം ഹോമിക്കണം.
ഇതു് ആർക്കാണ് സാധിക്കുക?
സാധിക്കുന്നവർക്കേ സൗഭാഗ്യമുള്ളു.
എല്ലാവരും നടക്കുന്ന വഴിയിൽ നടക്കുന്നതു്
വീരോചിതമല്ല.
ആരും പോകാത്തവഴി കണ്ടെത്തുക.
അതാണ് വീരോചിതം.
കണ്ടെത്തുന്നവൻ മഹാനാകും.

## 40. വ്യാജപ്രവാചകന്മാർ 7:15

കർത്താവിനുവേണ്ടി സംസാരിക്കുന്ന–
ദൈവത്തിന്റേയും മനുഷ്യരുടേയും മദ്ധ്യവർത്തി.
ഇതാണ് പ്രവാചക ദൗത്യം
വരാനിരിക്കുന്ന കാര്യങ്ങൾ മുൻകൂട്ടി പറയുകയുമാവാം.
അവർ യഥാർത്ഥ ദൈവിക മനുഷ്യരായിരിക്കണം;
ദൈവാനുഭവമുള്ളവർ.
ഇതൊന്നുമില്ലാത്തവൻ വ്യാജൻ.
അവൻ തനിക്കു തോന്നുന്നതു പറയുന്നു;
ദൈവത്തിന്റേതെന്ന ഭാവത്തിൽ.
അതു് ജനങ്ങളെ വഴിതെററിക്കും.
അന്ധൻ അന്ധനെ നയിക്കുന്നതുപോലെ.
വഴിയറിയാത്ത വഴികാട്ടി–
അതിൽതന്നെ വിരോധാഭാസം.
അവരെ സൂക്ഷിക്കണം.
എങ്ങനെ?
പ്രവൃത്തികളിൽനിന്നു തിരിച്ചറിയാം.
ബാഹ്യമായവയിലുപരി ആന്തരികം.
മററുള്ളവരുടെ മുമ്പിൽ
നല്ലവരായി കാണപ്പെടാം.
ഉള്ള് തിന്മയുടെ കൂമ്പാരവും.
ഞാൻ വ്യാജനാണോ?
ഇല്ലാത്തതു് ഉണ്ടെന്നു് ഭാവിക്കുന്നോ?
അറിയില്ലാത്തതു് അറിയാമെന്നു്?
ഞാനും സൂക്ഷിക്കണം.
ആയിരിക്കുന്നതിലുപരി കാണപ്പെടാൻ ആഗ്രഹി
ക്കരുതു്.

ST. ANTONY'S MONASTERY
Phone : 3140
ALWAYE

## 41. ഫലത്തിൽനിന്ന് തിരിച്ചറിയുക 7:20

വൃക്ഷത്തിൻെറ സ്വാഭാവികമായ വളർച്ച–
ഫലം നല്കിയേ കഴിയൂ.
സ്വഭാവത്തിൽ നിന്നറിയാം.
നല്ല വൃക്ഷം നല്ല ഫലം,
ചീത്ത വൃക്ഷം ചീത്ത ഫലം,
ഇതു് പ്രകൃതി നിയമമാണു്.
ചീത്ത വൃക്ഷം നല്ല ഫലം നല്കുക–
പ്രകൃതി നിയമത്തിനെതിരാണതു്.
പ്രകൃതിയെ അതിലംഘിക്കണം–
ഒഴുക്കിനെതിരെ നീന്തുക,
യഥാൎത്ഥമായ 'മാനസാന്തരം',
സമൂലമായ പരിവൎത്തനം,
ഒട്ടിച്ചേൎത്ത നല്ല മരങ്ങൾ,
ഇതൊന്നും പ്രകൃത്യനുസരണമല്ല,
അടിസ്ഥാനപരമായ മാററത്തിനേ–
ഫലം മാററാനാവൂ.
നല്ലമനുഷ്യൻ സത്പ്രവൃത്തികൾ.
ദുഷ്ടൻ–ചീത്ത പ്രവൃത്തികൾ.
മാററം വരണമെങ്കിൽ
മനുഷ്യപ്രകൃതിക്കെതിരെ തിരിയണം.
സ്വപ്രയത്നത്താൽ സാധിക്കുന്നവരുണ്ടു്,
ആകസ്മികമായി വന്നുഭവിക്കുന്നവരുണ്ടു്,
മററുള്ളവരുടെ സ്വാധീനം വഴി,
ദൈവത്തിൻെറ പ്രത്യേക ഇടപെടൽവഴി,
ഏതിനും മനസ്സുണ്ടായിരിക്കണം.

## 42. പിതാവിൻെറ ഇഷ്ടം നിറവേററുക 7:22

എൻെറ ഇഷ്ടമനുസരിച്ച് ജീവിക്കാൻ
വളരെ എളുപ്പം.
ഞാൻ മാത്രമെ ഈ ലോകത്തിലുള്ളവെങ്കിൽ,
പിന്നെ ആരെ പേടിക്കണം?
പക്ഷെ, എവിടെ തിരിഞ്ഞാലും രക്ഷയില്ല.
നൂറുകണക്കിന് കണ്ണുകൾ എന്നെ പൊതിയുന്നു.
എല്ലാവർക്കും ഇഷ്ടപ്പെടുന്നരീതിയിൽ ജീവിക്കണം.
അതു സാദ്ധ്യമോ ?
വ്യത്യസ്ത സ്വഭാവക്കാർ,
ആവശ്യക്കാർ, താല്പര്യക്കാർ,
ഇവയുടെ മദ്ധ്യെ എനിക്കു സ്വന്തമായൊന്നു വേണം.
എല്ലാവരേയും പരിഗണിക്കുന്ന–
ആരേയും മുഷിപ്പിക്കാത്ത–
എല്ലാവർക്കും പ്രീതികരമായ–
ഒന്നായിരിക്കണമതു്.
ഇതു് മനുഷ്യനു് സാദ്ധ്യമല്ല;
ദൈവത്തിനു മാത്രം.
എൻെറ ഇഷ്ടാനിഷ്ടങ്ങൾ മാററിവയ്ക്കണം;
ദൈവത്തിൻെറ ഇഷ്ടം നിറവേററണം.
അതു് എല്ലാവർക്കും പ്രീതികരമാവും;
അതുമാത്രം.
വ്യക്തമായ ആദർശങ്ങൾ–
ജീവിത നിയമമാക്കുക.
അതേ ശാശ്വതമായിട്ടുള്ളു.
അതായിരിക്കും ദൈവത്തിൻെറ ഇഷ്ടവും.

## 43. പാറയിൽ ഭവനം പണിതവൻ 7:24

ഉറച്ച അടിസ്ഥാനം,
അതു് ഇളകുകയില്ല.
കാററൂതിയാലും,
വെള്ളപ്പൊക്കമുണ്ടായാലും,
അതിനു കുലുക്കമില്ല–
അടിസ്ഥാനത്തിൻെറ പേരിൽ.
സ്വഭാവവൈശിഷ്ട്യവും ഇതുപോലെ
ഉറച്ച തീരുമാനം–
തത്വങ്ങളിൽ അടിസ്ഥിതമായതു്–
അതു് ഇളകുകയില്ല.
മണലിൽ വീടു പണിതവൻ.
കാററൂതി, മഴ പെയ്തു.
ഭവനം വീണു.
തീരുമാനമില്ലാത്തവൻ,
അതിലുപരി തത്വമില്ലാത്തവൻ,
ഉപരിപ്ലവ ചിന്താഗതിയുള്ളവൻ,
കാര്യം കാണാൻ കഴുതക്കാൽ പിടിക്കുന്നവൻ,
അധികാരസേവ ചെയ്യുന്നവൻ,
ഇവനൊന്നും അടിസ്ഥാനമില്ല.
അവൻ നിലനില്ക്കുകയില്ല.
തത്വങ്ങളിൽ അടിസ്ഥാനമുറപ്പിക്കു.
അതനുസരിച്ചു ജീവിക്കു.
അതു മാത്രമെ നിലനില്ക്കു.
ആടുന്നവനു് അടിപതറും,
എല്ലാക്കാലത്തും എല്ലാവരേയും പ്രീണിപ്പിക്കാനാവില്ല.

## 44. രാജ്യത്തിൻെറ മക്കൾ പുറന്തള്ളപ്പെടും 8:12

ഇസ്രായേൽ ജനം–
രക്ഷകനെ പ്രതീക്ഷിച്ചിരുന്നു.
പ്രവാചകന്മാർ, രക്ഷകൻെറ വരവിനെ–
ക്കുറിച്ച് പറഞ്ഞിരുന്നു.
നീണ്ട കാത്തിരുപ്പ്.
രക്ഷ ഇസ്രായേലിനു മാത്രമെന്ന–
വ്യർത്ഥാഭിമാനം.
രക്ഷകൻ വന്നു.
ഇസ്രായേൽ അവിടുത്തെ സ്വീകരിച്ചില്ല.
മാമൂലുകളിൽ ഉറച്ചുനിന്നു.
രക്ഷകനെ തിരിച്ചറിഞ്ഞുമില്ല.
കപടഭക്തിയിലൂന്നി,
ദൈവകല്പനകളെ വളച്ചൊടിച്ചു;
സ്വന്തം സുഖസന്തോഷങ്ങൾക്കുവേണ്ടി.
ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനം–
എന്ന് അഭിമാനിച്ചിരുന്നു;
ഇസ്രായേൽക്കാർ.
അവർ പിന്തള്ളപ്പെട്ടു.
വിജാതീയർ–
ഇസ്രായേൽ ജനത്തിനു ഭ്രഷ്ടർ.
അവർ രക്ഷയിലേക്ക് നയിക്കപ്പെട്ടു.
രക്ഷ, ഹൃദയനവീകരണത്തിലാണ്.
വ്യർത്ഥമായ നിയമാനുഷ്ഠാനത്തിലുപരി–
ദൈവഹിതം നിറവേററുന്നതിലാണ്.
ആത്മാവിൽ ദൈവത്തെ കണ്ടെത്തുന്നതിലാണ്.

## 45. മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല 8:20

ഈ ഭൂമിയുടേയും
സകല ചരാചരങ്ങളുടേയും സ്രഷ്ടാവ്.
മനുഷ്യനായി,
ജനിക്കാനിടമില്ല.
വീടായ വീടുകളും സത്രങ്ങളും മുട്ടി.
കാലിത്തൊഴുത്ത് ഈററില്ലമായി.
സ്തുതിഗീതങ്ങരം-മാലാഖമാർ
ആരാധിക്കാൻ ആട്ടിടയന്മാർ.
പ്രാണഭീതി ഭയന്ന് ഈജിപ്തിലേയ്ക്കു്,
വീടും നാടുമുപേക്ഷിച്ചു.
ജനസേവനത്തിനു് മരണമോ?
അവഹേളനം, പീഡകരം.
കുരിശിൽപ്പോലും അപമാനം സഹിച്ചു.
പാപികളെ രക്ഷിക്കാൻ വന്ന ദൈവപുത്രൻ;
പാപികളാൽ നിന്ദിക്കപ്പെടുന്നു.
നല്ല മനുഷ്യരുടേയും സ്ഥിതി,
വ്യത്യസ്തമല്ല.
നന്മചെയ്യുന്നവൻ ക്രൂശിലേറും.
ഗാന്ധിജി, ഇന്ദിരാഗാന്ധി, കെന്നഡി, ലൂതർകിംഗ്.
ഉദാഹരണങ്ങരം എത്രവേണം?
അവർ അനശ്വരർ
നന്മചെയ്താൽ തിക്താനുഭവം.
മാങ്ങായുള്ള മാവിനേ ഏറുകിട്ടൂ.
പ്രതിഫലേച്ഛകൂടാതെ നന്മചെയ്യൂ.
അതാണു് സൗഭാഗ്യം.

## 46. അല്പവിശ്വാസികളെ, എന്തിനു ഭയപ്പെടുന്നു 8:26

വിശ്വാസം, ജീവിതത്തിനടിസ്ഥാനം;
പ്രതീക്ഷയും.
വിശ്വസിക്കാതെ ജീവിക്കാനാവില്ല.
അവിശ്വാസിയും നിരീശ്വരനും വിശ്വസിക്കുന്നു.
മരുന്നുതരുന്ന ഡോക്ടറെ,
വണ്ടിഓടിക്കുന്ന ഡ്രൈവറെ,
പഠിപ്പിക്കുന്ന അദ്ധ്യാപകരെ,
സഹോദരങ്ങളെ,
മാതാപിതാക്കളെ.
അപ്പനും അമ്മയുമാരെന്നുപോലും–
മററുള്ളവർ പറയുന്നതു് വിശ്വസിക്കേണ്ടേ.
ഇതു് അടിസ്ഥാനം മാത്രം.
വിശ്വാസം ദൈവത്തിലർപ്പിക്കു.
എല്ലാം സൗഭാഗ്യകരമാവും.
ദൈവം നല്ലവഴിക്കേ നയിക്കൂ.
ദൈവം കൂടെയുള്ളവനു്,
പിന്നെ ആരെ പേടിക്കണം?
തോണിയിൽ ഈശോ ഉറങ്ങുന്നു;
കടൽ ഇളകി മറിയുന്നു,
ശിഷ്യർ ഭയപ്പെട്ടു കരയുന്നു,
ഈശോയെ ഉണർത്തിയില്ല.
ഈശോ കൂടെയുള്ളപ്പോഠം നശിക്കുകയില്ല.
പ്രശ്നങ്ങളുടെ മദ്ധ്യേ ഈശോയെ വിളിക്കു.
അവിടുന്നാണു് നല്ല പ്രത്യാശ–
പ്രശ്നപരിഹാരകനും.

## 47. കിടക്കയുമെടുത്ത് വീട്ടിലേക്ക് പോവുക 9:7

രോഗവും പാപവും തമ്മിൽ ബന്ധമുണ്ടോ?
സങ്കീർണ്ണമായ പ്രശ്നമാണിതു്.
യഹൂദർ അങ്ങനെ വിശ്വസിച്ചിരുന്നു,
രോഗം പാപത്തിൻെറ ഫലമാണെന്നു്.
ജന്മനാ അന്ധനായിരുന്ന കുരുടൻ
"ആരുടെ പാപം നിമിത്തം?
ഇവൻേറയോ മാതാപിതാക്കളുടേയോ?"
രണ്ടുമല്ല.
"ദൈവത്തിൻെറ മഹത്വീകരണത്തിനു്"
എന്നാൽ തളർവാതരോഗിയോട്;
"പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു"
പാപമോചനം-രോഗവിമുക്തിയായി.
മററുള്ളവരാണ് അവനെ കൊണ്ടുവന്നതു്.
ഈശോയിൽനിന്നും അകന്നിരുന്നു.
പാപം കാരണമാകാം.
ഈശോയുമായി അടുക്കണമെങ്കിൽ,
പാപം ഇല്ലാതിരിക്കണം.
ജനങ്ങളുടെ വിശ്വാസം കണ്ടു്,
പാപവിമുക്തി നൽകി-
ഒപ്പം രോഗത്തിനാശ്വാസവും.
"കിടക്കയുമെടുത്തു് നടക്കുക".
പൂർണ്ണ ആരോഗ്യം പ്രാപിക്കുന്നു-
മനസ്സിനും ശരീരത്തിനും.
പാപത്തിൽനിന്നും പിന്തിരിയൂ
രോഗവിമുക്തിക്ക് എളുപ്പമുണ്ടു്.

## 48. രോഗിക്കാണ് വൈദ്യനെ ആവശ്യം 9:12

ചുങ്കക്കാരും പാപികളും
ഈശോയെ ശ്രവിച്ചു, അനുഗമിച്ചു.
അതിൽ അസൂയപൂണ്ട ഫ്രീശന്മാർ:
"ഗുരു എന്തുകൊണ്ടു് പാപികളുടെ കൂടെ"
'പാപികളെത്തേടിയാണു് വന്നതു്''
അവർക്കാണു് സഹായമാവശ്യം,
കുഴിയിലകപ്പെട്ടാൽ,
തനിയെ കയറാനാവില്ല.
വഴിതെററിയാൽ–
തനിയെ കണ്ടുപിടിക്കുക എളുപ്പമല്ല.
പരസഹായം വേണം;
ശക്തമായ കരങ്ങൾ.
മനുഷ്യരെല്ലാം പാപികൾ.
ഞാൻ പാപികളിൽ ഏററം നീചൻ.
ആരെന്നെ കരകയററും.
സഹായം ഉന്നതത്തിൽനിന്നും–
ലഭിക്കണം.
അതിനാണു് ഈശോ വന്നതു്.
വഴിയേതെന്നറിയാം.
കാണിച്ചുതരാനും കഴിയും.
അതു പിന്തുടർന്നാൽ,
സ്വർഗ്ഗത്തിലെത്താം.
കുരിശിലെ കള്ളനും,
അവസാനം അതു കണ്ടെത്തി.
"നീ ഇന്നു് എന്നോടൊപ്പം പറുദീസായിലായിരിക്കും"

## 49. കർത്താവേ, എനിക്കു കാണണം 9:27

അന്ധന്മാർ–
കാഴ്ചയില്ലാത്തവരാണെന്നറിയാം.
കാണണമെന്ന ഉൽക്കടമായ ആഗ്രഹം–
കാഴ്ച ലഭിക്കാൻ പര്യാപ്തമാക്കി;
ഒപ്പം ഈശോയിലുള്ള വിശ്വാസവും.
കാഴ്ചയില്ലാത്തവരെന്ന ബോദ്ധ്യം പ്രധാനം.
കണ്ണു തുറന്നിട്ടും കാണാത്തവർ,
കാഴ്ചയുള്ള അന്ധന്മാർ–
വിരോധാഭാസമെങ്കിലും സത്യം.
കണ്ടെന്നു നടിക്കുന്നു–
യഥാർത്ഥത്തിൽ കാണുന്നില്ല.
അനുഭവങ്ങളിൽനിന്നു പഠിക്കുന്നില്ല.
തെററും ശരിയും കണ്ടെത്താൻ–
വിശേഷബുദ്ധി മാത്രം മതി;
കൂടെ പ്രസാദവരവും ലഭിക്കുന്നു.
കാഴ്ച നല്കാൻ ഈശോക്കു കഴിയും.
കാണുന്നില്ല എന്നു തോന്നണ്ടേ?
എല്ലാം കാണുന്നു എന്നവകാശപ്പെടുന്നവർ,
ഒന്നും കാണാത്തവർ,
അവരെ മനസ്സിലാക്കുക പ്രയാസം.
അനുഭവം പഠിപ്പിച്ചില്ലെങ്കിൽ–
സ്ഥിതി അതിദയനീയം.
തന്നിലേക്കുതന്നെ തിരിയൂ.
കാണുന്നില്ല എന്ന സത്യം അംഗീകരിക്കൂ.
അപ്പോഠം ഈശോ കാഴ്ച തരും.

## 50. വിളവധികം വേലക്കാർ ചുരുക്കം 9:37

ഈശോയെ അറിയാത്ത ജനകോടികൾ,
സത്യത്തിനും നീതിക്കും കാത്തിരിക്കുന്നവർ
പറഞ്ഞു കൊടുക്കാനാളില്ല.
“പ്രസംഗിക്കാതെ എങ്ങനെ കേൾക്കും,
കേൾക്കാതെ എങ്ങനെ വിശ്വസിക്കും
വിശ്വസിക്കാതെ എങ്ങനെ രക്ഷപെടും''
സ്വന്തം കഴിവുകൊണ്ട് ദൈവത്തെ–
കണ്ടെത്താനാവുമോ ?
ലോകം മുഴുവൻ ഈശോക്കുവേണ്ടി–
ദാഹിക്കുന്നു;
സത്യത്തെ പുൽകാനും.
ഞാൻ മാത്രം ഇതൊന്നും അറിയുന്നില്ല.
എനിക്കും പ്രേഷിത ചൈതന്യം വേണം.
''എനിക്ക് ആത്മാക്കളെ തരൂ''
ഈ ആത്മാക്കളാണ് വിളവ്.
അത് ശേഖരിക്കാൻ ആളില്ല.
ദൗത്യം ഏറ്റെടുത്തവർപോലും,
ഉദാസീനർ, കൃതകപടർ, അന്യത്രവ്യഗ്രർ–
ആത്മരക്ഷയിൽ താല്പര്യമില്ലാത്തവർ,
സ്വന്തം കാര്യം മാത്രം നോക്കുന്നവർ.
വിളവിൻെറ നാഥൻ–
വേലക്കാരെ അയക്കട്ടെ.
അതുവരെ കാത്തിരിക്കാൻ–
എനിക്കു സമയമില്ല.
ഞാൻ എന്നാലാവുന്നതു ചെയ്യണം.

## 51. ദാനമായി കിട്ടി; ദാനമായി കൊടുക്കൂ 10:8

ഞാൻ അനുഗ്രഹങ്ങൾകൊണ്ട്–
നിറഞ്ഞവൻ,
ദൈവം കനിഞ്ഞനുഗ്രഹിച്ചതു്.
അവകാശപ്പെട്ടതാണോ?
അയോഗ്യൻ,
ബുദ്ധിഹീനൻ
പാപത്തിനു് അടിമ.
എന്നിട്ടും ദൈവം എന്നെത്തേടി വന്നു.
അവിടുത്തെ അനന്തസ്നേഹത്താൽ–
അനുഗ്രഹങ്ങൾകൊണ്ടു നിറച്ചു.
പലരും എന്നെ സഹായിച്ചു;
ഈ നിലയിലെത്തിക്കാൻ.
ആരേയും സഹായിക്കാൻ എനിക്കു മനസ്സില്ല.
ഞാൻ സ്വാർത്ഥൻ.
''പണം മുടക്കിയാണു് പഠിച്ചതു്
വെറുതെ ഒന്നും ചെയ്യാനാവില്ല.''
ദൈവം പണം ആവശ്യപ്പെട്ടോ–
കഴിവുകൾ തരുന്നതിനു മുമ്പ് ?
എൻെറ സമ്മതം മാത്രം;
അതില്ലാതെക്കൂടി.
എനിക്കുള്ള കഴിവുകൾ–
സഹോദര നന്മയ്ക്കുവേണ്ടി–
എല്ലാവർക്കും കൊടുക്കാൻ–
എന്നെ ഏല്പിച്ചിരിക്കുന്നു.
ഒന്നും മിച്ചം വയ്ക്കാതെ കൊടുക്കൂ.

## 52. പ്രാവുകളേപ്പോലെ നിഷ്കളങ്കർ 10:16

''എന്നിൽ കുററമാരോപിക്കാൻ ആർക്കു കഴിയും?''
മററുള്ളവരുടെ വ്യാജാരോപണങ്ങൾ–
എന്നെ സ്ഥിരം ചുററിപ്പററുന്നു.
കുററമാരോപിക്കാൻ തക്കം പാർത്തിരിക്കുന്നവർ.
പീഡിപ്പിക്കാൻ തത്രപ്പെടുന്നവർ–
എന്നിട്ട് മററുള്ളവരുടെ മുമ്പിൽ നല്ലവരാകാൻ.
തിന്മയുടെ മുമ്പിലാണല്ലോ നന്മയുടെ തിളക്കം.
അവസരം കൊടുക്കരുത്.
അവസരമുണ്ടായാൽ ചാടിവീഴും.
ചെന്നായ്ക്കളുടെ ഇടയിൽ ചെമ്മരിയാട്.
ധൈര്യപൂർവ്വം നടക്കുക.
''ന്യായാധിപൻെറ മുമ്പാകെ ഹാജരാകും,
എന്തു പറയണമെന്ന് ആകുലതവേണ്ട'',
നിങ്ങൾക്ക് വേണ്ടത് ആത്മാവ് തരും.
ന്യായീകരിക്കാൻ ശ്രമിക്കേണ്ട.
ഒരിക്കൽ സത്യം വെളിവാകും.
''ദൈവം സത്യം കാണുന്നുണ്ട്–
എന്നാൽ കാത്തിരിക്കുന്നു'',
നല്ല അവസരത്തിനു വേണ്ടി.
സർപ്പങ്ങളേപ്പോലെ വിവേകം,
പ്രാവുകളുടെ നിഷ്കളങ്കത,
എന്തിനേയും നേരിടാനുള്ള ധൈര്യം,
എന്തും സഹിക്കാനുള്ള ശക്തി,
പിന്നെ ഒന്നും ഭയപ്പെടാനില്ല.
ധൈര്യപൂർവ്വം–ബോധ്യങ്ങളിൽ അടിയുറച്ച് മുന്നേറു.

## 53. അവസാനംവരെ പിടിച്ചു നിൽക്കുന്നവൻ 10:22

ഈശോയ്ക്കു സാക്ഷ്യം വഹിക്കുന്നവർ,
അവർക്കു പീഡനമേല്ക്കേണ്ടിവരും,
സ്വസഹോദരങ്ങൾ ദ്വേഷിക്കും,
മാതാപിതാക്കന്മാർ എതിർക്കും,
ഇതെല്ലാം സ്വാഭാവികം മാത്രം.
ഈശോയെ സ്വന്തം ഗ്രാമക്കാർ വിശ്വസിച്ചില്ല.
എങ്കിലും മനസ്സിടിഞ്ഞില്ല.
രക്ഷാകര പ്രവൃത്തി തുടർന്നു.
എനിക്കു് എതിർപ്പുണ്ടാകാം.
പരിഗണന ലഭിക്കാതെ വരാം.
തെററിദ്ധരിക്കപ്പെടാം.
ഇതിലൊന്നും മനസ്സിടിയേണ്ട.
സഹിക്കാൻ തയ്യാറാകൂ.
"കുരിശെടുത്തു് പിന്നാലെ വരൂ".
സഹനമില്ലാതെ സന്തോഷമില്ല.
കുരിശില്ലാതെ കിരീടമില്ല.
ഈ സത്യം അംഗീകരിക്കണം.
ജീവിതനിയമമാകണം.
അടിപതറാത്ത–
അചഞ്ചലമായ–
വിശ്വാസം.
എന്തിനേയും നേരിടാനുള്ള–
മനശ്ശക്തി.
ഇതാണു് യഥാർത്ഥ ക്രിസ്തുശിഷ്യൻെറ–
ശരിയായ മാനദണ്ഡം.

## 54. നിങ്ങൾ മർദ്ദിക്കപ്പെടുമ്പോൾ 10:23

പീഡനങ്ങളുടെ കാലം വരുന്നു.
സത്യത്തിനുവേണ്ടി നിലകൊള്ളുന്നവൻ,
നീതി നിർവ്വഹിക്കുന്നവൻ,
തത്വങ്ങളിൽ മുറുകെപിടിക്കുന്നവൻ,
ആത്മീയ മനുഷ്യൻ,
ഇവർ ലോകത്തിനു സ്വീകാര്യരല്ല.
''ലോകം നിങ്ങളെ വെറുക്കും''.
ലോകത്തിന്റെ ചിന്താഗതി വിഭിന്നം.
സത്യത്തിനും നീതിക്കും വിലയില്ല.
ആദർശങ്ങൾ അവഗണിക്കപ്പെടുന്നു.
ഈശോയുടെ നാമത്തെപ്രതി–
പീഡിപ്പിക്കപ്പെടും;
അവിടുന്നിൽ വിശ്വസിക്കുകവഴി.
വിശ്വാസവും ജീവിതവും–
ലോകത്തിന്റെ പ്രവർത്തനങ്ങളും ഒത്തുപോകില്ല.
ദൈവത്തെ അംഗീകരിച്ചാൽ
പലതും ചെയ്യാനാവാതെ വരും.
ഈശോയെപ്രതി പീഡിപ്പിക്കും.
അതിനെ തരണം ചെയ്യണം.
ആദിമ ക്രൈസ്തവർ,
അപ്പസ്തോലന്മാർ,
പിതാക്കന്മാർ,
രക്തം ചിന്തി വിശ്വാസം സംരക്ഷിച്ചവർ.
ഇവർ മാതൃകകൾ.
അവസാനംവരെ പിടിച്ചു നില്ക്കുന്നവൻ രക്ഷപെടും.

## 55. ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല 10:24

ഇതും പീഡനങ്ങളെക്കുറിച്ചുതന്നെ.
ക്രിസ്തു-
ക്രിസ്ത്യാനികൾക്കുള്ള യഥാർത്ഥമാതൃക.
സുവിശേഷങ്ങൾ ഏദിസ്ഥമാക്കുക.
യഥാർത്ഥ ഈശോയെ കണ്ടെത്താനാവും.
നിന്ദനങ്ങളുടെ മനുഷ്യൻ.
പരിഹാസ രാജാവ്.
അംഗീകാരം ലഭിച്ച അവസരം കുറവ്.
ഓശാന വിളികളും-
ദിവസങ്ങൾക്കുള്ളിൽ ദു:ഖവെള്ളിക്കു വഴിമാറി.
ക്രിസ്തുശിഷ്യർക്കും കൂടുതലൊന്നും-
പ്രതീക്ഷിക്കാനില്ല.
ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല.
ഗുരുവിനെപ്പോലെ ആകാൻ ശ്രമിക്കണം.
ഗുരുവിനെ അനുഗമിക്കാത്തവൻ-
യഥാർത്ഥ ശിഷ്യനല്ല.
അവനു് ആത്മാർത്ഥതയില്ല.
എല്ലാക്കാര്യങ്ങളിലും ഗുരുവിനെ പിഞ്ചെല്ലുക.
''ഗൃഹനാഥനെ ബേൽസബൂൽ എന്നു-
വിളിച്ചെങ്കിൽ-
കുടുംബാംഗങ്ങളെ എത്രയധികം-
വിളിക്കുകയില്ല''.
സഹിക്കുന്നതിൽ സന്തോഷിക്കുക.
സഹനമാണു് സന്തോഷം നൽകുന്നതു്.
ഉള്ളതിലുപരി ഇല്ലാത്തതിൽ അഭിമാനിക്കുക.

## 56. സ്വന്തം കുരിശുമെടുത്ത് അനുഗമിക്കുക 10:38

ക്രൂശിതൻ–
ചെയ്യാത്ത കുററത്തിനുള്ള ശിക്ഷ.
"ഈ മനുഷ്യനിൽ ഞാൻ ഒരു കുററവും
കാണുന്നില്ല"
"നിങ്ങളിൽ ആർക്കെന്നിൽ കുററ–
മാരോപിക്കാൻ കഴിയും"
കുററമില്ലാത്തവൻ കുററക്കാരനായി.
ക്രൂശിതനെ അനുഗമിക്കുക.
അവനാണ് ഏകപ്രതീക്ഷ–പ്രത്യാശ.
അത് സഹനത്തിലൂടെ, സഹനത്തിലേയ്ക്ക്.
കുരിശിലാണ് മഹത്വം.
ഈശോയുടെ മഹത്വീകരണം–
പീഡാസഹനം, കുരിശുമരണം, ഉയിർപ്പ്.
അനുയായികൾക്കും ഇതുതന്നെ.
അനുദിന ജീവിതത്തിലെ–
ബുദ്ധിമുട്ടുകളോടെ–
അനുഗമിക്കുക.
എല്ലാം സൗഭാഗ്യമാവില്ല.
സൗഭാഗ്യത്തിനുള്ളവഴി–
വീതികുടിയവഴി–
ലോകത്തിന്റെ ദൃഷ്ടിയിൽ.
സ്വർഗ്ഗീയ സൗഭാഗ്യം–
സഹനത്തിലൂടെ നേടുന്നത്.
അഗ്നിയിൽ ശോധന ചെയ്യുന്ന സ്വർണ്ണം
അത്യദ്ധ്വാനംവഴി നേടുന്ന കിരീടം.

## 57. എന്നിൽ ഇടറാത്തവൻ ഭാഗ്യവാൻ 11:6

യോഹന്നാൻെറ ശിഷ്യർ ഈശോയോട്;
''വരാനിരിക്കുന്നവൻ നീതന്നെയോ?''
''എൻെറ പ്രവൃത്തികൾ വിവരിക്കുക.
അന്ധർ കാണുന്നു,
മുടന്തർ നടക്കുന്നു,
കുഷ്ഠരോഗികൾ ശുദ്ധരാകുന്നു,
ബധിരർ കേൾക്കുന്നു,
മരിച്ചവർ ഉയിർക്കുന്നു,
ദരിദ്രരോട് സുവിശേഷം പ്രസംഗിക്കപ്പെടുന്നു''.
ഈശോയുടെ രക്ഷാകര പ്രവൃത്തികൾ.
അവ അവിടുത്തേയ്ക്ക് സാക്ഷ്യം വഹിക്കുന്നു.
എൻെറ പ്രവൃത്തികൾ–
എനിക്കു സാക്ഷ്യം വഹിക്കുമോ?
ജീവിതവും പ്രവർത്തനങ്ങളും?
ജീവിക്കേണ്ടിയിരുന്ന മാർഗ്ഗം?
ഇപ്പോഴുള്ള ജീവിതം?
ഇവ തമ്മിൽ ബന്ധമുണ്ടോ?
''എന്നെ കണ്ടുപഠിക്കുവിൻ''.
എനിക്കിതു പറയാൻ കഴിയുമോ?
കഴിയാത്തിടത്തോളം പരാജയം.
ആദർശങ്ങൾക്കനുസരിച്ച്–
പ്രവർത്തിക്കുക
ജീവിതസ്ഥിതിക്കനുയോജ്യമായ–
ജീവിതം.
ആർക്കും ഇടർച്ചയ്ക്കു കാരണമാകാതിരിക്കുക,

## 58. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം 11:28

ഈശോ—
അദ്ധ്വാനിക്കുന്നവരുടെ ആശാകേന്ദ്രം.
ഭാരം വഹിക്കുന്നവർക്കു താങ്ങ്.
യഥാർത്ഥമായ ആശ്വാസം.
അദ്ധ്വാനത്തിന്റെ മദ്ധ്യേ—
അവിടുത്തെ മറന്നുപോകുന്നു.
വേദനയിൽ ദു:ഖിക്കുന്നു,
നിരാശപ്പെടുന്നു.
ശരിയായ വഴിക്കു തിരിയുന്നില്ല.
ശരിയായ വഴി അറിയുന്നില്ല.
ഏകപ്രതീക്ഷ ക്രിസ്തുവാണ്;
ഏക ആശ്രയവും.
സൃഷ്ടവസ്തുക്കൾ.
നൈമിഷികമായ ആശ്വാസവും,
ചിലപ്പോൾ ആശ്വാസത്തേ-
ക്കാളുപരി ദു:ഖം.
മുങ്ങിത്താഴാൻ തുടങ്ങുന്നവൻ—
കയറിപ്പിടിക്കുന്നു; കച്ചിത്തുരുമ്പിൽ—
അതു പാമ്പായാലോ?
വൈദ്യുതിയുള്ള കമ്പിയായാലോ?
ഈശോ യഥാർത്ഥ ആശ്വാസകനാണ്.
എന്നും നമ്മെ മാടിവിളിക്കുന്നു,
ദിവ്യസക്രാരിയിൽ—
നമ്മുടെ മദ്ധ്യേ വസിക്കുന്നു.
അവിടുത്തെ പക്കൽ—
ആശ്വാസം ലഭിക്കും.

## 59. എന്നിൽനിന്നും പഠിക്കുവിൻ 11:29

ഈശോ, ഈ ലോകത്തിൽ–
ജീവിച്ചവഴി കണ്ടെത്തണം.
എങ്ങനെ വിഷമം തരണംചെയ്തു.
വിശ്വാസികൾക്ക് ആശ്വാസമരുളി.
സുവിശേഷം–
അവിടുത്തെ ജീവചരിത്രം,
അതിലൂടെ ഈശോ ജീവിക്കുന്നു.
അവിടുത്തെ കണ്ടെത്തു.
ലോകത്തിനു മുഴുവൻ ഗുരു.
മററാർക്കു പറയാൻ കഴിയും,
എന്നിൽനിന്നു പഠിക്കാൻ,
ആത്മാർത്ഥതയോടെ.
ചിന്തയും വാക്കും പ്രവൃത്തിയും–
ഐക്യത്തിൽ.
"നിങ്ങൾക്കുവേണ്ടി ജീവനർപ്പിക്കുന്നു"
നമുക്കുവേണ്ടി മരിച്ചു.
"ശത്രുക്കളെ സ്നേഹിക്കുക
ഉപദ്രവിക്കുന്നവർക്കുവേണ്ടി
പ്രാർത്ഥിക്കുക"
"ഇവർ ചെയ്യുന്നതെന്തെന്നിവരറിയുന്നില്ല
ഇവരോട് ക്ഷമിക്കണേ".
ഈശോ ഏററം നല്ല പഠനകേന്ദ്രം.
പഠിക്കാനുള്ള ഏററം വലിയ വിഷയം,
ഏററവും വിഷമമേറിയതും,
പഠിക്കുന്നവൻ രക്ഷപെടും.

## 60. അന്തച്ഛിദ്രമുളള ഏതു രാജ്യവും നശിക്കും 12:25

''ഐകമത്യം മഹാബലം''
ഒന്നിച്ചുനില്ക്കുന്നതിലാണ് ശക്തി;
ഏതു കാര്യം സാധിക്കുന്നതിനും.
ഐക്യം പലവിധം.
ശാരീരികം—
മാനസികം—
ആശയപരം—
ആദർശപരം—
എങ്ങനെയും ഐക്യംവേണം.
പരസ്പരൈക്യമില്ലെങ്കിൽ,
ഹൃദയങ്ങൾ തമ്മിലകലും.
ധാരണകുറയും.
പ്രധാന കാരണം—
സ്നേഹത്തിന്റെ കുറവ്.
പരസ്പര സ്നേഹമുണ്ടെങ്കിൽ
പ്രശ്നമെല്ലാം തീരും.
ദ്വേഷിച്ചാൽ,
വിരോധംവച്ചു പുലർത്തിയാൽ,
അസൂയയോ വിദ്വേഷമോ ഏതുമാകട്ടെ,
അതു് നാശത്തിലേയ്ക്കേ നയിക്കൂ.
പരസ്പരം കലഹിക്കുന്നവർ—
നാശത്തിലേയ്ക്ക് നടന്നടുക്കുന്നു.
അവർ നശിക്കാതിരിക്കുക അസാദ്ധ്യം,
വിട്ടുവീഴ്ചകൾക്കു തയ്യാറാകൂ.
ഐക്യവും സമാധാനവും വളർത്തൂ.

## 61. എൻെറ അമ്മയും സഹോദരന്മാരും 12:50

''നിങ്ങളറിയാത്ത ഭക്ഷണം എനിക്കുണ്ട്;
എൻെറ അയച്ചവൻെറ അഭീഷ്ടം-
നിറവേററുകയാണെൻെറ ഭക്ഷണം''.
ഈശോ, പിതാവിൻെറ ഇഷ്ടം നിറവേററി ജീവിച്ചു.
''കഴിയുമെങ്കിൽ ഈ കാസാ........
എങ്കിലും എൻെറ ഇഷ്ടമല്ല, നിൻേറതു്''
ഒരിക്കലും തൻെറ ഇഷ്ടം നോക്കിയില്ല.
പിതാവിൻെറ ഇഷ്ടം നിറവേററുന്നവൻ;
ഈശോയുടെ അമ്മയും സഹോദരന്മാരും.
അവിടെയാണു് പരസ്പരബന്ധം.
അയച്ചവൻെറ ഇഷ്ടം,
അതു കണ്ടെത്തുക-
ബുദ്ധിമുട്ടാകാം.
ഓരോ നിമിഷവും, എങ്ങനെ അറിയും ?
മന:സാക്ഷിയുടെ ശബ്ദം,
അധികാരികളുടെ തീരുമാനങ്ങൾ,
നിയമങ്ങൾ,
ധാർമ്മികമൂല്യങ്ങൾ,
എൻെറ ഇഷ്ടം സ്വാതന്ത്ര്യമാകാം.
എനിക്കു് എൻെറ പരിധിയിൽക്കഴിഞ്ഞു്-
ചിന്തിക്കാനാവില്ല.
ഈശോയുടെ സഹോദരനാകണോ ?
ദൈവേഷ്ടം നിറവേററാൻ തയ്യാറാകു.
അതു കണ്ടെത്താൻ ശ്രമിക്കു-
എല്ലാ ജീവിത സാഹചര്യങ്ങളിലും.

## 62. ഉള്ളവനു നല്കപ്പെടും 13:12

സോഷ്യലിസം പ്രസംഗിക്കുന്നവർ;
''എല്ലാവക്കും ഒന്നുപോലെ''
പറയാൻ എളുപ്പം.
നടപ്പിലാക്കാനോ ?
ഉള്ളവന് വീണ്ടും ലഭിക്കുന്നു.
ഇല്ലാത്തവന് ഉള്ളതുകൂടെ നഷ്ടപ്പെടുന്നു.
ലോകത്തിൽ നടക്കുന്ന യാഥാൎത്ഥ്യം.
ധനവാൻ കൂടുതൽ ധനവാനാകും.
ദരിദ്രൻ കൂടുതൽ ദരിദ്രനും.
സമ്പത്തു തുല്യമായി ഭാഗിക്കു....
മാസങ്ങൾക്കകം—
പൂർവ്വസ്ഥിതി പ്രാപിക്കും.
ബൗദ്ധികമായി ഉയർന്നവൻ—
കൂടുതൽ നേട്ടങ്ങൾ കൈവരിക്കും.
ബുദ്ധി കുറഞ്ഞവൻ
പ്രവൎത്തനങ്ങൾ ഒന്നിനൊന്നു തകരും.
തപ്പിത്തടഞ്ഞെഴുന്നേററ്—
വീണ്ടും ഉരുണ്ടു വീഴും.
ഇതു മാററമില്ലാതെ തുടരും.
ഒന്നാമനാകാൻ കഴിയുമോ ?
ഉള്ളവനാകാൻ കഴിയുമോ ?
എങ്കിൽ അഭിവൃദ്ധിയുണ്ടാകും.
എനിക്കൊന്നിനും കഴിയില്ലെന്ന തോന്നൽ,
അതു പരാജയത്തിലേക്കേ നയിക്കു
എല്ലാം കഴിയുമെന്നു തോന്നിയാൽ വിജയിക്കും.

## 63. പ്രവാചകൻ സ്വന്തം നാട്ടിൽ 13:57

സ്വന്തപ്പെട്ടവർ–
എന്നും സംശയ മന:സ്ഥിതിക്കാർ–
കഴിവുകൾ അംഗീകരിക്കില്ല,
പ്രോത്സാഹിപ്പിക്കാൻ തയ്യാറില്ല.
അംഗീകാരവും ആദരവും,
ബഹുമതിയും പ്രശംസാപത്രവും,
പുറത്തുനിന്ന് വളരെയുണ്ടാകാം.
ഇതൊന്നും സ്വദേശത്തു് വിലപ്പോവില്ല.
''ഓ .... അവനോ .... എനിക്കറിയില്ലേ ?
അവനിത്രയൊന്നും കഴിയില്ല''.
അസൂയയാണോ ?
അപകർഷാബോധമാണോ ?
എന്തായാലും,
കഴിവുകളെ അംഗീകരിക്കാൻ പഠിച്ചിട്ടില്ല.
എന്റെ സഹോദരൻ,
അയൽക്കാരൻ,
നാട്ടുകാരൻ,
ഉയർന്നാൽ ഞാനും ഉയരും.
അവനോടൊപ്പം ഞാനും വളരും.
സൃഷ്ടിപരമായ ചിന്ത പുലർത്തു.
അവനതു് കിട്ടിയതിൽ അഭിമാനിക്കു.
സ്വന്തം നാട്ടിൽ തിരസ്കൃതനായ ഈശോ
ആ അനുഭവം ഇന്നാർക്കും ഉണ്ടാകരുതു്
പക്ഷെ, കാലം ഇന്നും ആവർത്തിക്കപ്പെടുന്നു.

## 64. നീ സംശയിച്ചതെന്ത് 14:32

ശിഷ്യപ്രമുഖനായ പത്രോസ്.
കടലിൻെറ മീതെ നടക്കാൻ മോഹം.
''നീ പോരുക''
''കടുകുമണിയുടേതു പോലുള്ള വിശ്വാസമുണ്ടെങ്കിൽ,
ആ മലയോടുമാറി കടലിൽ ....
അനുസരിക്കും''.
പത്രോസ് വിശ്വസിച്ചു,
വെള്ളത്തിനു മീതേ നടന്നു.
കാററ് ആഞ്ഞടിച്ചു,
പത്രോസ് ഭയപ്പെട്ടു.
വിശ്വാസം ക്ഷയിച്ചു.
വെള്ളത്തിൽ താഴാൻ തുടങ്ങി.
വിശ്വാസമാണ് പ്രവൃത്തിക്കടിസ്ഥാനം.
വിശ്വാസമുണ്ടെങ്കിൽ എന്തും നടക്കും;
അസാദ്ധ്യമെന്നു കരുതുന്നതുപോലും.
ലൂർദ്ദിലെ രോഗശാന്തി,
അനേകരുടെ അനുഭവങ്ങളും,
എല്ലാം വിശ്വാസത്തിൻെറ ഫലം.
''നീ വിശ്വസിക്കുന്നുവോ?''
''ഉവ്വ് കർത്താവേ''
''നിനക്കിതു് സംഭവിക്കട്ടെ''
വിശ്വാസക്കുറവു നിമിത്തം–
സ്വന്തം ഗ്രാമത്തിൽ പോലും–
ഈശോ അത്ഭുതം പ്രവർത്തിച്ചില്ല–
വിശ്വസിക്കു.... സംശയിക്കാതിരിക്കു.

## 65. വായിൽനിന്നു വരുന്നത് അശുദ്ധ നാക്കുന്നു 15:11

ശുദ്ധിയെക്കുറിച്ച് യഹൂദന്മാരുടെ-
വികലമായ കാഴ്ചപ്പാടുകൾ.
ശുദ്ധവും അശുദ്ധവുമായ മൃഗങ്ങൾ,
ശുദ്ധമായി ആചരിക്കേണ്ട ദിവസങ്ങൾ,
നിയമപരമായി അനുസരിക്കേണ്ടവ.
യഥാർത്ഥത്തിൽ-
വായിലേയ്ക്ക് പോകുന്നതിലുപരി,
വായിൽനിന്നു വരുന്നവ-
അശുദ്ധമാക്കുന്നു.
അതു ഹൃദയത്തിൽനിന്നാണ്;
വ്യക്തിത്വത്തിന്റെ ഭാഗം.
മോശമായ വ്യക്തിത്വം,
അവനറിയാതെ പ്രകടമാകും;
സംസാരത്തിലൂടെയും,
പ്രവർത്തനങ്ങളിലൂടെയും.
ദുഷ്ചിന്തകൾ,
കൊലപാതകം,
പരസംഗം,
വ്യഭിചാരം,
മോഷണം,
കള്ളസാക്ഷ്യം,
പരദൂഷണം,
ശുദ്ധമല്ലാത്തവന്റെ ലക്ഷണങ്ങൾ.
മഹത്വത്തിന്റെ യഥാർത്ഥ-
പ്രകടനമാണാവശ്യം.

## 66. അന്ധനെ നയിക്കുന്ന അന്ധൻ 15:14

ഈലോക ജീവിതം പ്രശ്നസങ്കീർണ്ണം.
പ്രശ്നങ്ങളെ അഭിമുഖീകരിക്കുക.
ഒളിച്ചോടരുത്.
അഭിമുഖീകരിക്കാൻ ചങ്കുററം വേണം.
അനുഭവസ്ഥരുടെ അനുഭവസമ്പത്ത്—
സഹായം ആവശ്യമാണ്;
ജീവിതദർശനമുള്ളവരുടേയും.
പ്രശ്നങ്ങളെ അവഗണിക്കരുത്
രൂക്ഷമാക്കാനേ അതുപകരിക്കൂ.
ജീവിതാനുഭവമുള്ളവരേ ഉപദേശിക്കാവൂ.
സ്വയമേവ കാണാൻ ശക്തിയില്ലാത്തവൻ—
അന്യരെ നയിക്കുന്നതെങ്ങനെ?
ഉള്ളതേ കൊടുക്കാവൂ.
ഉള്ളതിലധികം ഉണ്ടെന്നു—
ഭാവിക്കാനാവില്ല.
ഉള്ളതു മുഴുവനും കൊടുക്കാനുമാവില്ല.
അനുഭവങ്ങളും സാഹചര്യങ്ങളും,
വ്യക്തിപരമായ കഴിവുകളും,
വ്യത്യസ്തങ്ങളാവാം.
എങ്കിലും, ഉള്ള സാഹചര്യത്തിൽ—
ശരിയായ പാതയിലൂടെ നയിക്കൂ.
അന്ധനായ വഴികാട്ടിയാകാതെ സൂക്ഷിക്കൂ.
ഇരുവരും കുഴിയിൽ വീഴും.
വീഴാതെ സൂക്ഷിക്കുക—
വീണിട്ട് എഴുന്നേൽക്കുന്നതിനേക്കാൾ നന്ന്.

## 67. നിൻെറ വിശ്വാസം വലുതാണ് 15:28

കാനാൻകാരിയുടെ വിശ്വാസം:
''ഇസ്രായേൽ ഭവനത്തിലെ
നഷ്ടപ്പെട്ട ആടുകളുടെ പക്കലേക്കു''
അർഹമല്ലാത്തതു്–
ചോദിച്ചുവാങ്ങാൻ തക്ക–
അചഞ്ചല വിശ്വാസം.
വാഗ്വാദത്തിനു മുതിരുന്നു.
''മക്കളുടെ അപ്പം നായ്ക്കൾക്കു''
''മേശയിൽനിന്നു വീഴുന്ന അപ്പം''
വിശ്വാസത്തിൻെറ സുദൃഢത.
തനിക്കു് ആവശ്യമായ–
അനുഗ്രഹം തരാൻ കഴിയുമെന്ന ബോദ്ധ്യം.
ആ ബോദ്ധ്യമാണവളെ നയിച്ചതു്.
എനിക്കു് ബോദ്ധ്യങ്ങളുടെ കുറവാണു്.
അവകാശപ്പെട്ടതു് ഏതെന്നറിയില്ല.
ചോദിച്ചാൽ കിട്ടുമോ എന്നു് നിശ്ചയമില്ല.
പ്രാർത്ഥിക്കുന്നതോടൊപ്പം തന്നെ–
കിട്ടുകയില്ലെന്നാണു് ബോദ്ധ്യം.
വിശ്വാസമില്ലാതെ കിട്ടുക അസാദ്ധ്യം.
വലിയ വിശ്വാസം വേണം.
അതിനു ബോദ്ധ്യങ്ങൾ സമ്പാദിക്കണം.
ബോദ്ധ്യങ്ങളും ആദർശങ്ങളുമില്ലാതെ–
ജീവിക്കുക വ്യർത്ഥം.
അതു് അഭികാമ്യമല്ലതന്നെ.
വിശ്വാസത്തോടെ പ്രാർത്ഥിക്കു, ലഭിക്കും.

## 68. സ്വർഗ്ഗസ്ഥനായ പിതാവ് വെളിപ്പെടുത്തി 16:17

ശിഷ്യപ്രമുഖനായ പത്രോസ്–
ഈശോയുടെ ദൈവത്വം ഏററുപറഞ്ഞു.
യഹൂദർ അവിടുത്തെ അറിഞ്ഞില്ല.
''സ്നാപകയോഹന്നാൻ
ഏലിയ,
ജറമിയ,
പ്രവാചകരിലൊരുവൻ''
ഇങ്ങനെ അവർ ചിന്തിച്ചു.
ശിഷ്യർ ഈശോയെ തിരിച്ചറിഞ്ഞു.
മനുഷ്യബുദ്ധികൊണ്ടും കഴിവുകൊണ്ടുമല്ല,
ദൈവത്തിൻെറ അനുഗ്രഹത്താൽ.
''സ്വർഗ്ഗസ്ഥനായ പിതാവാണ്–
നിനക്കിതു് വെളിപ്പെടുത്തിയതു്''
ദൈവിക കാര്യങ്ങൾ
മനുഷ്യർക്കു് അഗ്രാഹ്യം.
മനുഷ്യബുദ്ധികൊണ്ടുമാത്രം–
ദൈവത്തെ കണ്ടെത്താനാവില്ല.
പരിശുദ്ധാത്മാവിൻെറ സഹായം–
ഈശോയുടെ കൂടെ ആയിരിക്കണം.
അവിടുന്നു പറയുന്നു കേൾക്കണം.
എങ്കിലേ പ്രസാദവരം ലഭിക്കു.
അനുഗ്രഹപ്രദമായ ജീവിതം നയിക്കു,
ഈശോയിൽനിന്നു പഠിക്കു,
ദൈവനിവേശനത്തിനു ചെവികൊടുക്കു,
ഈശോ എനിക്കാരെന്നു കാണാൻ കഴിയും.

## 69. നിൻെറ ചിന്ത ദൈവികമല്ല, മാനുഷികമാണ് 16:23

ഈശോ പീഡാനുഭവത്തെ പ്രവചിക്കുന്നു.
"ജറുസലേമിലേക്കു പോകും.
സഹിക്കേണ്ടി വരും, മരിക്കും.
മൂന്നാം ദിവസം ഉയിർക്കും"
പത്രോസ് ഇടപെട്ടു.
'നിനക്കതു് സംഭവിക്കാതിരിക്കട്ടെ'
സഹനവും കുരിശും ഇഷ്ടമല്ല.
വേദനയില്ലാതെ, സൗഭാഗ്യമായി ജീവിക്കാം.
വേദനയിലൂടെയുള്ള മഹത്വം വേണ്ട.
യഥാർത്ഥ മഹത്വം കണ്ടെത്താനായില്ല.
"സാത്താനേ, എൻെറ മുമ്പിൽ നിന്നുപോകു".
ആദ്യത്തെ മാർപ്പാപ്പയായ പത്രോസിനോട്.
സാത്താൻ–ദൈവികമായി ചിന്തിക്കാത്തവൻ.
മാനുഷിക പരിഗണനയിൽ സഹനമില്ല.
'തിന്നുക, കുടിക്കുക, ആനന്ദിക്കുക'
എപ്പിക്കൂരിയൻ ചിന്താഗതി;
അതിൽ കവിഞ്ഞൊന്നുമില്ല.
സഹനത്തിലൂടെ, യഥാർത്ഥ മഹത്വീകരണം.
ദു:ഖവെള്ളിയില്ലെങ്കിൽ ഉയിർപ്പില്ല.
പീഡാസഹനത്തിനും–
കുരിശുമരണത്തിനും ശേഷം,
മഹത്വപൂർണ്ണമായ ഉത്ഥാനം,
അവിടെ മഹത്വം പൂർണ്ണമാകുന്നു.
ഈശോയോടുകൂടി സഹിച്ചുകൊണ്ട്–
അവിടുത്തെ മഹത്വത്തിൽ പങ്കുചേരാം.

## 70. വിശ്വാസമുണ്ടെങ്കിൽ ഒന്നും അസാദ്ധ്യമല്ല 17:20

വിശ്വാസം--അത്ഭുതത്തിനടിസ്ഥാനം
വിശ്വാസക്കുറവ്-അത്ഭുതം നടക്കില്ല.
സ്വന്തം നാട്ടിൽ ഈശോ-
അത്ഭുതമൊന്നും ചെയ്തില്ല.
അപസ്മാര രോഗി,
ശിഷ്യർക്കു സുഖമാക്കാൻ കഴിഞ്ഞില്ല.
രണ്ടും വിശ്വാസക്കുറവു കൊണ്ടുതന്നെ.
''കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ
മലകളും അനുസരിക്കും''
വിശ്വാസമില്ലാത്ത വിശ്വാസികൾ;
വാക്കുകളിൽ തന്നെ വിരോധാഭാസം.
വിശ്വാസമുണ്ടെന്നു നടിക്കുന്നു.
ഹൃദയം ദൈവത്തിൽനിന്നകന്നു്,
തത്വങ്ങളുടെ കുറവല്ല.
അറിവില്ലാഞ്ഞുമല്ല.
ഈശോയുടെ പ്രബോധനം-
ഹൃദിസ്ഥമാണു്.
എത്രയോ പ്രാവശ്യം കേട്ടിരിക്കുന്നു.
ബൗദ്ധികതലത്തിൽനിന്നും,
അനുദിന ജീവിതത്തിലെത്തുന്നില്ല.
അവിടെയാണു് പരാജയം.
അറിവൊന്നു്, അനുഭവമൊന്നു്,
പ്രവർത്തനരീതി വേറൊന്നു്.
വിശ്വാസമുജ്ജ്വലിപ്പിക്കാൻ പ്രാർത്ഥിക്കുക.
അതാണു് ക്രൈസ്തവ ജീവിതത്തിനടിസ്ഥാനം.

## 71. ശിശുക്കളെപ്പോലെ ആയിത്തീരുക 18:3

സ്വന്തമായി ഒന്നുമില്ലാത്തവർ.
എല്ലാത്തിനും മററുള്ളവരെ ആശ്രയിക്കുന്നവർ.
ചിന്തിക്കുന്നതുപോലെ പ്രവർത്തിക്കുന്നു.
പ്രവർത്തിക്കുന്നതുപോലെ ചിന്തിക്കുന്നു.
പ്രവൃത്തിക്കനുസരിച്ച പ്രതികരിക്കുന്നു.
ഇഷ്ടപ്പെടാതെ കരഞ്ഞാലും,
ഇഷ്ടപ്പെട്ടു ചിരിച്ചാലും,
മനസ്സിൽ വിരോധം വച്ചു പുലർത്തുന്നില്ല.
നിർമ്മല ഹൃദയത്തിനുടമകൾ.
ചിന്തയിൽ ഋജുവായവർ,
കാപട്യമില്ലാത്തവർ,
അവരാണ് ശിശുക്കൾ.
എല്ലാത്തിനും മാതാപിതാക്കന്മാരെ ആശ്രയിക്കുന്നു.
കൈപിടിച്ചു നടക്കുന്നു.
ആവശ്യങ്ങൾക്ക് കരയുന്നു,
ലഭിക്കുമ്പോൾ സന്തോഷം,
നഷ്ടപ്പെടുമ്പോൾ ദുഃഖം,
എങ്കിലും എല്ലാം നൈമിഷികം.
എല്ലാം കിട്ടുമെന്ന പ്രതീക്ഷ.
നേരായ വഴിക്കു നയിക്കുമെന്ന ബോദ്ധ്യം.
അതു ശിശുക്കളുടെ കൂടപ്പിറപ്പ്.
വളർച്ചയിലാണ് മനസ്സിൽ–
വക്രതയും വഞ്ചനയും കുന്നുകൂടുക.
ശിശുക്കളെപ്പോലെ ആകുക.
അവർക്കാണ് സ്വർഗ്ഗരാജ്യം.

## 72. പ്രലോഭന ഹേതുവാകുന്നവന് ദുരിതം 18:7

മനുഷ്യൻ പാപസാഹചര്യത്തിൽ.
അറിഞ്ഞും അറിയാതെയും–
നിരവധി തെററുകഠം;
പ്രവൃത്തിയും ഉപേക്ഷയും.
മററുള്ളവരെ പാപത്തിനു പ്രേരിപ്പിക്കുക,
പാപത്തിനു കാരണം കൊടുക്കുക,
പാപത്തേക്കാഠം വലുതു്.
ശിക്ഷ ഭയാനകം.
''കഴുതയുടെ തിരികല്ലു കെട്ടി
കടലിൻെറ ആഴത്തിൽ''
പാപത്തിനെല്ലാം പ്രേരണാശക്തിയുണ്ടു്.
മററുള്ളവരിൽ പാപത്തിനു ചാച്ചിലുണ്ടാകുന്നു.
ദുർമാതൃകവഴി,
ചീത്ത തഴക്കങ്ങഠം വഴി,
വഴിപിഴച്ച ജീവിതം വഴി.
അനുകരണ ഭ്രമം മനുഷ്യൻെറ കൂടപ്പിറപ്പ്;
നല്ലതായാലും ചീത്തയായാലും.
ഞാൻ, മറെറാരുവനു പാപഹേതു.
അതാണു് വലിയ തെററ്.
എല്ലാ പാപവും മററുള്ളവരെ–
പാപത്തിലേക്കു നയിക്കുന്നു.
പാപത്തിൻെറ സാമൂഹ്യവശം.
ശിക്ഷയ്ക്കു് ഞാനും അർഹൻ.
പാപം ചെയ്യാതിരിക്കുക.
വലിയ ശിക്ഷയിൽനിന്നും ഒഴിയുക.

## 73. രണ്ടോ മൂന്നോപേർ എൻെറ നാമത്തിൽ 18:20

പ്രാത്ഥനയുടെ ഫലദായകത്വം
ആദർശത്തേക്കാളുപരി അനുഭവവേദ്യം.
പ്രാത്ഥിക്കുക, അദൃശ്യനായ ദൈവത്തോടല്ല;
സജീവനായ ദൈവത്തോട്.
ഈശോ എൻെറ മുമ്പിലുണ്ട്.
പ്രപഞ്ചത്തിലെല്ലാമുണ്ട്.
അതു ഞാൻ കണ്ടെത്തണം.
പ്രാത്ഥനയ്ക്കായ് കൂടുന്ന സമൂഹം,
ഈശോയുടെ സാന്നിദ്ധ്യം അനുഭവിക്കണം;
വ്യക്തിപരമായ സാന്നിദ്ധ്യം.
വ്യക്തിയെ മാത്രമേ സ്നേഹിക്കാനാവൂ.
വ്യക്തിയോടേ സംസാരിക്കാനാവൂ.
പ്രാർത്ഥന സംഭാഷണമാണല്ലോ.
ഈശോ വ്യക്തിയായി അനുഭവപ്പെടണം.
എൻെറ സന്തോഷവും ദുഃഖവും,
ആനന്ദവും ആശ്വാസവും,
പ്രതീക്ഷയും പ്രത്യാശയുമെല്ലാം,
വ്യക്തിപരമായി സന്നിഹിതനാകുന്ന–
ഈശോയിൽ അർപ്പിക്കുക.
അവിടെ യഥാത്ഥ ശാന്തി കണ്ടെത്താനാവും.
അല്ലെങ്കിൽ പ്രാത്ഥന വിരസം,
വ്യത്ഥം, നിഷ്ഫലം.
ഈശോയുടെ സാന്നിദ്ധ്യം അനുഭവിച്ചറിയൂ.
പ്രത്യേകം, വി. കുർബാനയിൽ–
കൂദാശകളിൽ.

## 74. എത്ര പ്രാവശ്യം ക്ഷമിക്കണം? 18:21

ഏററവും വലിയ പ്രമാണം—സ്നേഹം.
സ്നേഹം ക്ഷമിക്കുന്നു.
തെററുചെയ്യുന്നവനോട് ക്ഷമിക്കുക–
സ്നേഹത്തിൻെറ പ്രവൃത്തിയാണ്.
എത്രപ്രാവശ്യം–
'ഏഴ് എഴുപതു പ്രാവശ്യം'
തെററുചെയ്തിട്ട്
ക്ഷമിക്കണമെന്നു പറഞ്ഞാൽ,
ക്ഷമിക്കാൻ കഴിയണം.
ഇവിടെയാണ് ക്രിസ്തീയ ജീവിതം.
ഞാൻ ക്ഷമിച്ചാലേ–
എന്നോടും ക്ഷമിക്കുകയുള്ളു.
നൽകാതെ വാങ്ങാനാവില്ല.
കൊടുക്കാത്തതു് തിരികെ–
ചോദിക്കാൻ എന്തവകാശം?
ഈശോ പാപിയോട്–
ക്ഷമിക്കുന്നു; എന്നും, എപ്പോഴും.
പാപിയെ സ്നേഹപൂർവ്വം സ്വീകരിക്കുന്നു.
വലിയവരും മഹാന്മാരും ക്ഷമിക്കുന്നു.
തന്നെ വെടിവച്ചവനോട്–
മാർപ്പാപ്പ ക്ഷമിച്ചു.
എനിക്കുമാത്രം ക്ഷമയില്ലെങ്കിലോ?
ക്ഷമിക്കുക, ഐക്യപ്പെടുക
എല്ലാപ്രശ്നങ്ങളും പരിഹൃതമാവും.
അതു സ്നേഹത്തിൻെറ പ്രവൃത്തിയാണ്.

## 75. ദൈവം യോജിപ്പിച്ചത് 19:6

വിവാഹം:
സ്ത്രീയും പുരുഷനും തമ്മിൽ–
മരണംവരെ നിലനില്ക്കുന്ന ബന്ധം.
പുരുഷൻ ഏകനായിരിക്കുക നന്നല്ല.
തുണയായി സ്ത്രീയെ നൽകി.
സൃഷ്ടിയിലെ ചരിത്രമിതാ.
ഈശോ, വിവാഹത്തെ കൂദാശയാക്കി.
നിത്യം നിലനില്ക്കുന്ന–
കുടുംബജീവിതം സ്ഥാപിച്ചു.
മനുഷ്യനല്ല സ്ഥാപകൻ–
പങ്കാളിയാണെങ്കിലും.
ഇഷ്ടമനുസരിച്ച് മാറാവുന്നതല്ലിതു്.
ഉടുപ്പുമാറുന്നതുപോലെ.
പാശ്ചാത്യ സംസ്കാരം,
വിവാഹമോചനത്തെ പ്രോത്സാഹിപ്പിക്കുന്നു;
സംസ്കാരങ്ങൾ വ്യത്യസ്തമാണു്.
നമ്മുടെ സുദൃഢമായ കുടുംബബന്ധങ്ങൾ–
മനഃപൂർവ്വം ശിഥിലമാക്കരുതു്.
സ്നേഹത്തിൽ ഒന്നാകൂ.
ക്ഷമിക്കാനും പൊറുക്കാനും,
ഇരുകൂട്ടർക്കും കഴിയണം.
സ്നേഹത്തിൽ ഒന്നായാലേ നിലനിൽക്കൂ.
ദൈവമാണു് യോജിപ്പിച്ചതെന്ന–
ബോദ്ധ്യവും–
കുടുംബഭദ്രതയ്ക്കാവശ്യമാണു്.

## 76. എല്ലാം വിററ് ദരിദ്രർക്ക് കൊടുക്കുക 19:21

"പ്രമാണങ്ങറം അനുസരിക്കുക:
കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്
മോഷ്ടിക്കരുത്, കള്ളസാക്ഷ്യം നൽകരുത്
പിതാവിനേയും മാതാവിനേയും ബഹുമാനിക്കുക
നിന്നേപ്പോലെ അയല്ക്കാരനേയും സ്നേഹിക്കുക''.
നിത്യജീവൻ പ്രാപിക്കാൻ ആവശ്യമാണിവ.
എന്നാൽ പൂർണ്ണത പ്രാപിക്കാനോ?
''ഉള്ളതെല്ലാം വിററ്-
ദരിദ്രർക്കു കൊടുക്കുക''.
ധനവാനായ യുവാവിനുള്ള ഉപദേശം.
ധനം പൂർണ്ണതയ്ക്കു വിരുദ്ധമാണ്.
ധനവാൻ ലൗകികമായി ചിന്തിക്കുന്നു.
ദൈവത്തിലേയ്ക്കു ഉയരില്ല.
ധനമാണ് പ്രശ്നമുണ്ടാക്കുക.
ദരിദ്രൻ-ദൈവത്തിലാശ്രയിക്കുന്നു;
ധനവാൻ തൻെറ തന്നെ കഴിവിലും.
"ഇന്നു് നിൻെറ ആത്മാവിനെ വിളിച്ചാൽ,
ഈ സമ്പാദിച്ചതെല്ലാം ആരുടേതായിരിക്കും''
''ഉള്ളതെല്ലാം വിററ് ദരിദ്രർക്കു കൊടുക്കുക''
ഭൂമിയിൽ നിക്ഷേപം നശിക്കുന്നു.
സ്വർഗ്ഗത്തിൽ നിക്ഷേപം കൂടുന്നു-
ഈ ഭൂമിയിൽ നശിപ്പിക്കുന്നവ-
സ്വർഗ്ഗത്തിൽ സ്വന്തമാകും.
ഭൂമിയിൽ സമ്പാദിക്കുന്നവ-
സ്വർഗ്ഗത്തിൽ നഷ്ടമാകും.

## 77. ഒട്ടകം സൂചിക്കുഴയിലൂടെ 19:24

സമ്പത്തു നല്ലതുതന്നെ,
സമ്പന്നൻ അംഗീകരിക്കപ്പെടുന്നു.
ആദരിക്കപ്പെടുന്നു.
അവനു് എന്തും ചെയ്യാം,
ആരും ചോദിക്കാനില്ല;
സ്വാധീനവും,
അതു് ഈ ലോകത്തിന്റെ കാര്യം.
സ്വർഗ്ഗരാജ്യത്തിലോ?
പ്രവേശിക്കുകതന്നെ ദുഷ്കരം.
അതിലും എളുപ്പം–
''ഒട്ടകം സൂചിക്കുഴയിലൂടെ''.
സമ്പത്തു് തിന്മയല്ല,
അതിനോടുള്ള മനോഭാവമാണു് തെററു്.
സമ്പന്നൻ തനിക്കുതാൻ പോന്നവൻ.
സഹോദരങ്ങളെക്കുറിച്ച്,
അയൽവക്കക്കാരെക്കുറിച്ച്,
പാവങ്ങളെക്കുറിച്ച്,
ദൈവത്തെക്കുറിച്ച്,
സ്വർഗ്ഗത്തെക്കുറിച്ച്,
ചിന്തയില്ലാത്തവൻ.
ദരിദ്രനു് സ്വന്തമായൊന്നുമില്ല:
ആശ്രയം ദൈവത്തിൽ വയ്ക്കും.
ദൈവം അവനെ പരിപാലിക്കും.
സ്വന്തം കഴിവിൽ ആശ്രയിക്കുന്നവൻ,
പരാജയപ്പെടും.

## 78. മനുഷ്യർക്കു് അസാദ്ധ്യമായതു് 19:26

''രക്ഷപെടാൻ ആർക്കു കഴിയു''മെന്ന
ചോദ്യത്തിന്നുത്തരമാണിതു്.
ഉത്തരം അപൂർണ്ണവും.
"ദൈവത്തിനു് എല്ലാം സാദ്ധ്യമാണു്''
എന്നു കൂടി ചേർക്കുമ്പോഴേ പൂർണ്ണമാകും.
രക്ഷപെടുക എന്റെ പ്രയത്നത്തിലുപരി–
ദൈവത്തിന്റെ താല്പര്യമാണു്.
ദൈവം രക്ഷക്കുള്ള വഴിയൊരുക്കുന്നു.
ഞാൻ സഹകരിച്ചാൽ മതി.
രക്ഷയുടെ ഫലമനുഭവിക്കാൻ–
ഒരുങ്ങിയിരിക്കണം.
മന:സ്ഥിതിയുണ്ടാകണം.
പാപം ചെയ്യുക സ്വാഭാവികം.
അതിൽനിന്നു മാറാനുള്ള മനോഭാവവും–
മേലിൽ പാപം ചെയ്യാതിരിക്കാനുള്ള തീരുമാനവും.
അതു തെററിയാലും സാരമില്ല.
വീണ്ടും തീരുമാനിക്കുക.
എല്ലാം കാണുന്നവനായ ദൈവം,
മനുഷ്യഹൃദയം കാണുന്നു.
മനോഭാവമാണു് പ്രധാനം.
പ്രയത്നിക്കാൻ എനിക്കു കഴിയും.
''പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നല്കിയത്രേ
മനുഷ്യനെ പാരിലയച്ചതീശൻ''.

## 79. മുമ്പന്മാർ പിമ്പന്മാരും 20:16

ഈലോക ജീവിതം വൈവിധ്യപൂർണ്ണം.
നല്ല മനുഷ്യർ ധാരാളം.
നല്ലവരെന്ന ഭാവവും–
ഉള്ളിൻെറ ഉള്ളിൽ തിന്മയും ഉള്ളവർ,
പാപകരമായി ജീവിക്കുന്നവർ,
യഥാർത്ഥമായി മനസ്സു തിരിയുന്നവർ.
ദൈവത്തിലാശ്രയിക്കുന്നവൻ, അഭിമാനിക്കട്ടെ.
പാപി പിന്തിരിയട്ടെ.
കർത്താവിനു മുഖംനോട്ടമില്ല.
എളിയവനു് സ്വർഗ്ഗം കിട്ടും
പാപങ്ങളെല്ലാം ഏററു പറയണം.
പാപസ്ഥിതിയിൽനിന്നു മാറണം.
ഇത്രയും നാം പാപിയായിരുന്നു–
സാരമില്ല.
എന്നാണു് മാനസാന്തരമെന്നു നോക്കില്ല.
മഗ്ദലനമറിയം വളരെ സ്നേഹിച്ചു.
നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടു.
പ്രഥമസ്ഥാനം കൈയടക്കിയ പ്രീശന്മാർ–
''അവസാനസ്ഥാനത്തു പോയിരിക്കു''
ബഹുമാന്യനെങ്കിൽ ഒന്നാംസ്ഥാനം കിട്ടും.
ഉള്ളതിലഭിമാനിക്കാതെ,
സ്വയം എളിമപ്പെട്ടു.
ഉള്ളവനു നഷ്ടപ്പെടും.
ഇല്ലാത്തവനു് ലഭിക്കും.
സ്വർഗ്ഗരാജ്യത്തിൻെറ വിരോധാഭാസം.

## 80. ഒരുവൻ നിൻെറ വലതുവശത്തും 20:21

അധികാരവും,
അംഗീകാരവും,
സ്ഥാനമാനങ്ങളും,
ആരും കാംക്ഷിക്കുന്നതാണ്.
ദൈവരാജ്യത്തിലോ ?
അവിടെ അധികാരിയില്ല.
പ്രഥമ സ്ഥാനവുമില്ല.
ദൈവരാജ്യവും,
ഐഹിക രാജ്യവും,
ഒരിക്കലും പൊരുത്തപ്പെടില്ല.
കൂട്ടിക്കുഴയ്ക്കാൻ ശ്രമിക്കുന്നതുതന്നെ തെററ്.
പരസ്പരവിരുദ്ധമാണ് പ്രവത്തനം.
അധികാരം വേണം; അംഗീകാരത്തിന്.
സ്വാധീനിക്കുന്നവന് എന്തും നേടാം.
പണമാണ് കാര്യസാദ്ധ്യോപാധി;
അധികാരിയുടെ പാദസേവയും.
ഇതെല്ലാം ഐഹിക രാജ്യത്തിൽ.
ദൈവരാജ്യത്തിൽ;
എളിമ, സേവനം, ശുശ്രൂഷ,
അവസാനസ്ഥാനം.
വലത്തും ഇടത്തും–
ഇരിക്കാനുള്ള ആഗ്രഹം,
ദൈവരാജ്യവും–
ഐഹികരാജ്യവും–
കൂട്ടിക്കുഴയ്ക്കാനുള്ള ശ്രമം.

## 81. പ്രമാണിമാർ അധികാരം പ്രയോഗിക്കുന്നു 20:25

അധികാരം.
ഏററം വഴിപിഴച്ച ശബ്ദമാണിതു്.
ലൗകികാധികാരവും ദൈവികാധികാരവും.
രണ്ടും വ്യത്യസ്തം, വ്യതിരിക്തം.
ആണെന്നല്ല; ആവുകയുമില്ല;
ആയിരിക്കേണ്ടവ.
സഭയിൽ അധികാരമെങ്ങനെ?
ദൈവദത്തമാണെന്ന ബോദ്ധ്യമുണ്ടോ?
ദൈവത്തിൽനിന്നുള്ള അധികാരം—
സേവനത്തിനുള്ള മാർഗ്ഗം.
''വിജാതീയർ കർതൃത്വം പ്രയോഗിക്കുന്നു,
നിങ്ങളുടെ ഇടയിൽ അങ്ങനെയാവരുതു്.
ഒന്നാമനാവാൻ ആഗ്രഹിക്കുന്നവൻ—
ശുശ്രൂഷകനായിരിക്കണം''.
ഇതു പ്രമാണം.
പ്രവർത്തനങ്ങളോ?
സ്വന്തം പദവിയും സ്ഥാനവും തുടരാൻ—
എന്തും ചെയ്യുക.
ഏതു് അനീതിയും, ഏറെ പൊരുത്തപ്പെടുത്തലുകളും.
അതു് മനുഷ്യസഹജമാണല്ലോ.
ദൈവിക അധികാരം ലഭിച്ച ഞാൻ,
മാനുഷികതലത്തിൽനിന്നുയരണം.
ദൈവികമായി ചിന്തിക്കാൻ കഴിയണം.
എങ്കിലേ ആഴത്തിലേക്കിറങ്ങാൻ കഴിയൂ.
അല്ലാത്തവൻ അധ:പതനത്തിൻെറ പാതയിൽ.

## 82. വലിയവനാകാൻ ആഗ്രഹിക്കുന്നവൻ
20:26

ഈ ലോകത്തിൽ–
വലിയവനാകണമെങ്കിൽ
പണം, സ്വാധീനം,
അഴിമതി, സ്വജനപക്ഷപാതം.
ഇതുകൂടാതെ ആർക്കും കഴിയില്ല.
പണത്തിൻേറയും സ്വാധീനത്തിൻേറയും വലിപ്പം–
അതു മനോഭാവങ്ങളിലും–
മററുള്ളവരുമായുള്ള ഇടപെടലുകളിലും–
പ്രതിഫലിക്കും.
നീതിരഹിതമായ ധനസമ്പാദനത്തിനും–
സ്വാധീനത്തിനും ശ്രമിക്കും.
ഇതാണോ വലിയവൻെറ ലക്ഷണം?
തീർച്ചയായുമല്ല.
പണം വലുതാക്കുന്നില്ല; ചെറുതാക്കുന്നു
സ്വാർത്ഥതയ്ക്കും അനീതിക്കും അടിമ.
വലിയവൻ മററുള്ളവർക്ക്–
പാദസേവചെയ്യണം.
സേവനത്തിലാണ് മഹത്വം.
ശുശ്രൂഷ ചെയ്യുന്നതിലാണ് സുഖം.
കിട്ടുന്നതിലുപരി–
കൊടുക്കുന്നതിൽ സന്തോഷിക്കുക.
സമ്മാനം ലഭിക്കുക ബാദ്ധ്യത ഉണ്ടാക്കുന്നു.
കൊടുക്കുക സ്നേഹാദരങ്ങൾ വർദ്ധിപ്പിക്കും.
കൊടുക്കാൻ ശീലിക്കു.
കൊടുത്തു വളരുക.

## 83. രാജാവ് കഴുതയുടെ പുറത്ത് 21:5

രാജാക്കന്മാർ തേരിലാണു് സഞ്ചരിക്കാറ്.
കുതിരയെ കെട്ടിയ തേരു്.
യുദ്ധത്തിനുള്ള മൃഗം–കുതിര
ശക്തിയും ബലവും വേഗതയും–'കുതിരശക്തി'.
കഴുത–
സമാധാനത്തിൻെറ മൃഗം;
ശാന്തശീലനും.
കഴുതപ്പുറത്തു് കയറിയ ഈശോ,
സ്വയം സമാധാന രാജാവായി,
യുദ്ധവും വിപ്ലവവുമല്ല,
സമാധാനമാണാവശ്യം.
ഈശോയുടെ വിപ്ലവം–
ഹൃദയപരിവർത്തനം.
തന്നിൽതന്നെയുള്ള വിപ്ലവം.
മാനസാന്തരത്തിൻെറ ഫലങ്ങരം–
പുറപ്പെട്ടവിക്കു.
അടിച്ചേല്പിക്കാവുന്നതല്ലിതു്.
ബോദ്ധ്യങ്ങളിൽനിന്നും വരണം.
ഓശാന-രാജത്വത്തിൻെറ പ്രഖ്യാപനം.
മഹത്വീകരണവും.
ഇതാണോ യാഥാർത്ഥ്യം?
ഓശാന ദു:ഖവെള്ളിക്കു വഴിമാറുന്നു.
യഥാർത്ഥമഹത്വം ഉത്ഥാനത്തിൽ.
പീഡാസഹനവും മരണവും മുന്നോടി.
വേദനയിലൂടെ മഹത്വത്തിലേയ്ക്കു് നടന്നടുക്കു.

ST. ANTONY'S MONASTERY
Phone : 3140
ALWAYE-1

## 84. ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കുമുമ്പേ 21:31

ദൈവത്തിന്നു മുഖംനോട്ടമില്ല.
പ്രത്യേക പരിഗണനകളുമില്ല.
മുൻകാലചരിത്രം നോക്കുന്നില്ല;
അവിടുന്നുമായി ഐക്യപ്പെട്ടാൽ.
ദൈവത്തിൻെറ ആഹ്വാനം ശ്രവിക്കണം
മാനസാന്തരത്തിൻെറ ഫലങ്ങൾ.
വിളികേൾക്കാത്തവൻ തിരസ്കരിക്കപ്പെടും.
മനസ്സുതിരിഞ്ഞു് ശിശുക്കളേപ്പോലെ ആകുക.
മുൻവിധി.
അബദ്ധധാരണകൾ.
തെററായ വിശ്വാസതത്വസംഹിതകൾ.
ഇവകൊണ്ടു് ഈശോയെ സ്വീകരിക്കാത്തവർ.
അവർ സ്വർഗ്ഗത്തിന്നവകാശികളല്ല.
സ്വർഗ്ഗത്തിന്നവകാശികളെന്നു ഭാവിക്കുന്നവർ,
മനുഷ്യരുടെ മുമ്പിൽ നല്ലവർ,
അവർ സ്വർഗ്ഗത്തിൽനിന്നുമകലെ.
സ്വർഗ്ഗത്തിൽനിന്നുമകന്നവരെന്നു്–
തോന്നുന്നവർ,
പാപികൾ,
അവർ മാനസാന്തരപ്പെടുന്നു.
സ്വർഗ്ഗരാജ്യമനുഭവിക്കുന്നു.
വിളിക്കപ്പെട്ടവർ–
തിരസ്കരിക്കപ്പെടുന്നു.
മാനുഷിക കാഴ്ചപ്പാടുകൾ–
പലപ്പോഴും തെററുന്നു.

## 85. ക്ഷണിക്കപ്പെട്ടവർ അയോഗ്യ രായിരുന്നു 22:8

ചിലരെ മുൻകൂട്ടി വിളിച്ചു.
തിരഞ്ഞെടുത്തു.
അതിന്റെ പിന്നിലൊരു ചരിത്രമുണ്ട്.
ഓരോ തിരഞ്ഞെടുപ്പും പരിപാലന.
ആന്തരികമായ അർത്ഥം.
പ്രത്യേക കാരുണ്യം.
വിളിക്കപ്പെടാൻ എനിക്കു യോഗ്യതയില്ല.
"നമ്മുടെ ഇടയിൽ ധനവാന്മാരോ,
ബുദ്ധിശാലികളോ അധികമില്ല".
അനന്തകാരുണ്യത്താലുള്ള വിളി.
പലരും ശ്രദ്ധിക്കുന്നില്ല,
ചിലർ അവഗണിക്കുന്നു.
ശ്രവിച്ചവർ വിളിക്കനുസരണം ജീവിക്കുന്നില്ല.
അതു നാശത്തിലേക്കേ നയിക്കു.
ഏല്പിക്കപ്പെടുന്ന ദൗത്യം നിറവേററണം.
അതോടു വിശ്വസ്തത പുലർത്തണം.
"നിങ്ങളുടെ വിളിയെക്കുറിച്ച് ചിന്തിക്കുവിൻ"
വിശുദ്ധിയിലേക്കുള്ള വിളി.
ക്ഷണിക്കപ്പെട്ടവർ യോഗ്യരായിരുന്നില്ല.
വിളി സ്വീകരിച്ചില്ല.
വിളിക്കനുസരണം ജീവിക്കുന്നില്ല.
സൈന്യമയച്ച് അവരെ നശിപ്പിക്കുന്നു.
വേറെ ആളുകളെ വിളിക്കുന്നു.
അവർ വിരുന്നനുഭവിക്കുന്നു.
ഞാൻ വിളിക്കനുസരണമാണോ ജീവിക്കുക?

## 86. സീസറിൻേറത് സീസറിനും 22:21

മനുഷ്യൻ
രണ്ടു രാജ്യത്തിലെ പൗരൻ.
ഐഹികവും ദൈവികവും,
ഭൂമിയും സ്വർഗ്ഗവും.
രണ്ടും പരസ്പരവിരുദ്ധം—
"നിങ്ങൾ ഈ ലോകത്തിൻേറതല്ല"
"ഞാൻ ലോകത്തിൽനിന്നു്,
നിങ്ങളെ തിരഞ്ഞെടുത്തു".
''ഇനി അവർ ലോകത്തിൻേറതല്ല.
ലോകത്തിൻേറതല്ലാത്തതിനാൽ വെറുക്കും''.
പരസ്പരപൂരകങ്ങളും.
''ഇനി നിങ്ങൾ ലോകത്തിലാണു്''
എങ്ങനെ പൊരുത്തപ്പെടും?
പൊരുത്തപ്പെടുത്തണം.
സ്വർഗ്ഗീയമായി ജീവിക്കുന്നവനു്—
ലോകം വിലങ്ങുതടി.
കാഴ്ചപ്പാടുകളിൽ അന്തരം.
ലൗകികനു് സ്വർഗ്ഗം വിലങ്ങുതടി:
മന:സാക്ഷി, സഭാനിയമങ്ങൾ.
അടിസ്ഥാനതത്വങ്ങളിൽ അടിയുറയ്ക്കുക.
സത്യം, നീതി, സാഹോദര്യം,
സ്നേഹം—പരമപ്രധാനം.
ലോകത്തിനും,
സ്വർഗ്ഗത്തിനും,
അനുസരണമായി ജീവിക്കുക.

## 87. തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം 22:14

അനേകംപേരെ ദൈവം വിളിക്കുന്നു.
പ്രത്യേക ജീവിതാന്തസ്.
ജോലി, ഉത്തരവാദിത്വം, പദവി.
അത് സ്വീകരിക്കാൻ-
കടമകൾ നിറവേററാൻ-
കഴിയുന്നവർ ചുരുക്കം.
ഒന്നും ശ്രദ്ധിക്കാതെ ജീവിക്കുന്നവർ,
ഇതൊന്നും ആവശ്യമില്ലെന്നു ഭാവിക്കുന്നവർ,
തിരഞ്ഞെടുക്കപ്പെടുകയില്ല.
ഇൻറർവ്യൂവിനു് അനേകരെ വിളിക്കും.
എല്ലാവർക്കും ഉദ്യോഗം ലഭിക്കില്ല;
യോഗ്യതയുള്ളവർക്കുമാത്രം.
ഇന്നു് യോഗ്യതയല്ലല്ലോ മാനദണ്ഡം.
പണവും സ്വാധീനവും,
അതുള്ളവർക്കു് എന്തും നേടാം.
അവരേ അംഗീകരിക്കപ്പെട്ടു.
ദൈവത്തിനു് മുഖംനോട്ടമില്ല.
ധനവും സ്വാധീനവും അവിടുന്നു വെറുക്കുന്നു.
''ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക,
ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതിനേക്കാൾ എളുപ്പം''
സബദീപുത്രന്മാരുടെ അമ്മയുടെ അനുഭവവും.
ദൈവം-കഴിവ്, കാര്യശേഷി,
വിശ്വസ്തത, ഇവ വിലയിരുത്തുന്നു.
അവിടെ പരാജയപ്പെടുന്നവൻ,
തിരഞ്ഞെടുക്കപ്പെടുകയില്ല.

## 88. പ്രഥമവും പ്രധാനവുമായ കല്പന
22:38

സ്നേഹം–
ദൈവസ്നേഹവും പരസ്നേഹവും.
സ്നേഹത്തിന്റെ രണ്ടുവശങ്ങൾ.
സ്രഷ്ടാവും പരിപാലകനുമായ ദൈവം–
സ്നേഹിക്കാൻ കടപ്പെട്ടവരായ മനുഷ്യർ.
ദൈവം ഉപകാരിയായതുകൊണ്ടല്ല;
പ്രതിഫലം തരാനിരിക്കുന്നതുകൊണ്ടുമല്ല,
ദൈവമായതുകൊണ്ടു മാത്രം.
പരസ്നേഹം–
എല്ലാവരേയും ഒരുപോലെ സ്നേഹിക്കുക,
അസാദ്ധ്യമാണെന്നറിയാം.
അസാദ്ധ്യകാര്യങ്ങൾ ചെയ്യുന്നതിലാണ് പുണ്യം.
വീരോചിത പുണ്യം.
എല്ലാവരേയുംപോലെ ജീവിച്ചാലെന്തുഫലം?
എല്ലാവരും അസാധാരണരാണ്.
പ്രത്യേകരീതിയിൽ സൃഷ്ടിക്കപ്പെട്ടവർ.
വിദ്വേഷമുള്ളവരേയും,
സ്നേഹിക്കാത്തവരേയും,
പരിഗണിക്കാത്തവരേയും,
ഒരുപോലെ സ്നേഹിക്കണം.
സ്വാർത്ഥതയുടെപേരിൽ പററിക്കുടുന്നവരെ,
സ്നേഹംഭാവിച്ച് വഞ്ചിക്കുന്നവരെ,
ചീത്തകാര്യങ്ങൾക്ക് സ്നേഹം ഭാവിക്കുന്നവരെ,
അവരേയും സ്നേഹിക്കണം.
രണ്ടും പരസ്പരപൂരകങ്ങൾ.

## 89. സ്വർഗ്ഗരാജ്യം അടയ്ക്കുന്നു 23:13

കപടഭക്തരായ പ്രീശർക്കെതിരെയുള്ള–
ആക്രോശമാണിതു്.
“മനുഷ്യർക്കെതിരെ–
സ്വർഗ്ഗരാജ്യം അടയ്ക്കുന്നു.
അവർ പ്രവേശിക്കുന്നില്ല;
കടക്കാൻ വരുന്നവരെ അനുവദിക്കുന്നുമില്ല”.
പരിപൂർണ്ണതയുടെ പാതയിലുള്ളവർ:
വിശുദ്ധരെന്നു ഭാവിക്കുന്നവർ,
വിശുദ്ധിയിലേയ്ക്കു് വിളിക്കപ്പെട്ടവർ,
അവർ പ്രീശർക്കു തുല്യരോ?
സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയുമോ?
അതിനായി പരിശ്രമിക്കുന്നോ?
പലരുടേയും ജീവിതസാക്ഷ്യമതല്ല.
വളഞ്ഞവഴിയാണവരുടേതു്.
ലൗകികമായ ചിന്തയാണധികം:
എന്റെ സുഖം, സ്ഥാനം, സന്തോഷം, ആവശ്യങ്ങൾ
എന്റെ........, എന്റെ........, എന്റെ........
ഇതാണോ മാനദണ്ഡം?
‘‘നിനക്കുള്ളതെല്ലാം പരിത്യജിച്ച്,
നിന്റെ കുരിശുമെടുത്തു് എന്റെ പിന്നാലെ....’’
കുരിശെടുക്കാനാണു്–
മററുള്ളവർക്കു് കുരിശാകാനല്ല.
ഞാനോ അയോഗ്യൻ,
മററുള്ളവരെങ്കിലും കടന്നുപോകട്ടെ.
വഴി തടയുന്നതെന്തിനു്?

## 90. കൊതുകിനെ അരിച്ചുനീക്കി ഒട്ടകത്തെ വിഴുങ്ങുന്നവർ 23:24

നിസ്സാര കാര്യങ്ങളിൽ തലകടത്തുന്നു.
വലിയ കാര്യങ്ങൾ അവഗണിക്കുന്നു.
ചിലരുടെ സ്വഭാവമാണത്.
എനിക്ക് എൻെറ ജീവിതവീക്ഷണമുണ്ട്.
ജീവിത സാഹചര്യങ്ങളിൽ,
കരുപ്പിടിപ്പിച്ചത്.
ഒരുകാര്യവും നിസ്സാരമല്ലെന്നു ചിന്തിക്കുന്നവർ,
ചുമക്കാനാവാത്ത ചുമടെടുക്കുന്നു.
അനാവശ്യ കാര്യങ്ങളിൽ തലയിടുന്നു.
തങ്ങളാണ് വലിയവരെന്നു ഭാവിക്കുന്നു.
പ്രധാന ദൗത്യങ്ങൾ അവഗണിക്കുന്നു.
ഏല്പിക്കപ്പെട്ടിരിക്കുന്ന ജോലികൾ,
ഉടനെ ചെയ്യേണ്ട കാര്യങ്ങൾ.
മനുഷ്യരുടെ സ്വാർത്ഥതാല്പര്യത്തിന്–
സ്വയം വലിയവരെന്നു ഭാവിക്കാൻ.
പ്രീശന്മാർക്ക് പററിയതു് അതാണ്.
ഒന്നുമല്ലാതിരിക്കെ–
എല്ലാമവരെന്നു ഭാവിച്ചു.
അവർക്കെതിരെ കഠിനമായ വാക്കുകൾ.
എന്നിട്ടും മനസ്സു തിരിഞ്ഞില്ല,
ഈശോയെ അംഗീകരിച്ചില്ല,
വാക്കുകൾ ആഴത്തിലേക്കിറങ്ങിയില്ല,
ഉപരിപ്ലവമായ ചിന്തകൾ–
അതു കൂടുതൽ വഷളാക്കും.
ജീവിതം എന്തെന്നവർ അറിയുന്നില്ല.

## 91. വെള്ളയടിച്ച കുഴിമാടങ്ങൾ 23:27

എനിക്കു് ആത്മാവും ശരീരവുമുണ്ടു്.
ചിന്താഗതികളും പ്രവർത്തനങ്ങളുമുണ്ടു്.
മനുഷ്യൻ കാണുന്നതു് പ്രവർത്തനം.
ദൈവം നോക്കുന്നതു് ചിന്താഗതി.
ചിന്താഗതികൾ പ്രവർത്തനത്തെ ബാധിക്കും.
എങ്കിലും മററുള്ളവരുടെ മുമ്പിൽ മറിച്ച് പ്രവർത്തിക്കാം.
പ്രവൃത്തികൾ കാണുന്ന മനുഷ്യൻ,
പ്രവർത്തനത്തേയും—
അതു ചെയ്യുന്ന വ്യക്തിയേയും—
വിലയിരുത്തുന്നു.
ചിന്താഗതിക്കനുസരിച്ച്,
ആന്തരികത്തിനനുസരിച്ച്,
വിലയിരുത്താൻ കഴിയുന്നില്ല.
അവിടെയാണു് തികഞ്ഞ പരാജയം.
മനുഷ്യൻ മനുഷ്യനെ മനസ്സിലാക്കുന്നില്ല.
മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല.
ആത്മാവിന്റെ ആഴങ്ങളിലേയ്ക്കു്,
അന്ത:സത്തയിലേയ്ക്കു്,
ഇറങ്ങാൻ കഴിയാതെ ഉപരിപ്ലവമാകുന്നു.
മനസ്സ് ദുഷ്ടതയാൽ നിറയാം.
വക്രബുദ്ധിയും അഹങ്കാരവുമാകാം.
എന്നാൽ മററുള്ളവരെ കാണിക്കാൻ—
മുഖം പ്രസന്നമാക്കുന്നു.
അതുകണ്ടു് മനുഷ്യൻ വിലയിരുത്തും.
വെള്ളയടിച്ച കുഴിമാടങ്ങളാണവ.

## 92. ശവമുള്ളിടത്ത് കഴുകന്മാർ വന്നുകൂടും 24:28

മനുഷ്യൻ—
അനുകൂലസാഹചര്യങ്ങൾ പ്രതീക്ഷിക്കുന്നു.
അഭിപ്രായങ്ങളിൽ; അഭിമതങ്ങളിൽ—
തിന്മയ്ക്കായാലും നന്മയ്ക്കായാലും.
മുഖസ്തുതി പറയുന്നവരെ ഇഷ്ടം.
സ്വന്തം പദ്ധതികൾ അംഗീകരിക്കുന്നവരെ—
പദ്ധതികൾ തെററായാലും—
ഊറാൻ മൂളുന്നവരെ.
രാജാക്കന്മാരുടേയും വിദൂഷകരുടേയും,
കാലം കടന്നുപോയി.
അഭിപ്രായം അതുപടി സ്വീകരിക്കുന്നവർ.
അവരെ സൂക്ഷിക്കുക.
അവസരത്തിനൊത്തുപറയും.
ആളും തരവും നോക്കിയും.
യഥാർത്ഥ വ്യക്തിത്വമുള്ളവർ
ആദർശങ്ങളിൽ മുറുകെപ്പിടിക്കും.
അഭിപ്രായങ്ങളും ആദർശങ്ങളും,
പലപ്പോഴും പ്രീതികരമായിരിക്കില്ല.
എങ്കിലും കാലം തെളിയിക്കും.
അഭിപ്രായങ്ങൾ മാനിക്കപ്പെടും—
എന്നെങ്കിലും.
പക്ഷെ ആരും ആദ്യം അംഗീകരിക്കില്ല.
പ്രീതികരമായതാണല്ലോ കൂടുതലിഷ്ടം.
''അധികമായാൽ അമൃതും വിഷം''
വരുന്ന നല്ലകാലത്തിനു കാത്തിരിക്കാം.

## 93. നിങ്ങൾ ഉണർന്നിരിക്കുവിൻ 24:42

ദൈവം വരുന്നു.
വിവിധങ്ങളായ ജീവിത സാഹചര്യങ്ങളിൽ;
ഞാൻ അറിഞ്ഞോ അറിയാതെയോ.
വരുന്ന ദൈവത്തെ കണ്ടെത്താൻ–
കഴിയുന്നുണ്ടോ ?
നീണ്ട കാത്തിരുപ്പാണാവശ്യം.
ജാഗരൂകരായിരിക്കുകയും വേണം.
അറിയാത്ത സമയത്തും,
പ്രതീക്ഷിക്കാത്ത വിധത്തിലും,
അവിടുന്നു വരും.
രാത്രിയിൽ വരുന്ന കള്ളൻ,
വരുമെന്നറിയാമെങ്കിൽ,
കാത്തിരിക്കാമായിരുന്നു;
മുൻകരുതലെടുക്കാമായിരുന്നു.
എല്ലാം മുൻകൂട്ടി കരുതുകയാണുത്തമം.
സദാ പ്രതീക്ഷിക്കുന്നവനു്–
ഇച്ഛാഭംഗപ്പെടാതെ കഴിയാം.
മരണത്തിനു് ഒരുങ്ങി ജീവിക്കുക.
രോഗമോ, അപകടമോ,
എപ്പോഴും സംഭവിക്കാം.
ആരോഗ്യവും സമ്പത്തും നൈമിഷികം.
എല്ലാം നശിക്കാൻ ഒരു നിമിഷം മതി.
സ്വർഗ്ഗത്തിൽ നിക്ഷേപം കൂട്ടിയാൽ,
നിലനില്ക്കും.
അടുത്ത ജീവിതത്തിലും ഉപകരിക്കും.

## 94. എൻെറ വചനങ്ങൾ കടന്നു പോകില്ല 24:35

ദൈവവചനം–
മാററമില്ലാത്ത സത്യം.
കാലവും സാഹചര്യങ്ങളും വ്യത്യസ്തം.
നൂററാണ്ടുകളുടെ അന്തരം.
സംസ്കാരങ്ങൾ മാറിമറയുന്നു.
പരിഷ്കാരങ്ങൾ മിന്നിമാറുന്നു.
എങ്കിലും നിത്യസത്യങ്ങൾ നിലനില്ക്കും.
ലോകം മുഴവൻ മാറിയാലും–
ഈശോയുടെ പ്രബോധനം മാററമില്ല.
വി. ഗ്രന്ഥത്തിൻ ലിഖിതങ്ങളാണവ.
എല്ലാക്കാലത്തും പ്രസക്തവുമാണ്.
അതു് കണ്ടെത്തുന്നവൻ
സ്വന്തം ജീവിതാനുഭവമായി കാണുന്നു.
എന്നെത്തന്നെ കണ്ടെത്താൻ കഴിയുന്നു.
എൻെറ ജീവിത സാഹചര്യത്തിൽ
എന്നോടു പറയുന്ന കാര്യങ്ങൾ;
മററുള്ളവരെക്കുറിച്ചും.
സ്ഥാനത്തും അസ്ഥാനത്തും–
വ്യാഖ്യാനിക്കാം.
സ്വന്തം ആശയങ്ങൾക്കനുസരിച്ച്–
ഉദ്ധരിക്കാം.
ആ വചനങ്ങളിൽ–
വചനമായ ഈശോയെ കണ്ടെത്തണം.
മരണമില്ലാത്തവനും–
നിത്യം നമ്മോടൊത്തു വസിക്കുന്നവനുമായ ഈശോയെ.

## 95, അവൻ ജനിക്കാതിരുന്നെങ്കിൽ
26:24

ശാപവാക്കുകളല്ലിതു്.
എങ്കിലും വലിയൊരാഗ്രഹം.
ചിലപ്പോറം ഞാനും പറഞ്ഞുപോകും.
ഇങ്ങനെ സംഭവിക്കാതിരുന്നെങ്കിൽ
അങ്ങനെ വന്നിരുന്നെങ്കിൽ..
ഞാനും ഈശോയെ ഒററിക്കൊടുക്കാറുണ്ടു്.
ഉപേക്ഷിക്കാറുണ്ടു്.
സ്വാത്ഥതാല്പര്യത്തിനുവേണ്ടി.
കാര്യസാദ്ധ്യത്തിനുവേണ്ടി.
എന്നെക്കുറിച്ചും ഇങ്ങനെ പറയുമോ ?
അതിനിടവരാതെ സൂക്ഷിക്കണം.
ഈശോയെ ഒററിക്കൊടുത്തതു്–
അരുമശിഷ്യൻ.
മൂന്നു കൊല്ലം കൂടെ കൊണ്ടു നടന്ന വിശ്വസ്തൻ
അവൻെറ ലക്ഷ്യം തെററി.
കത്താവിലുപരി ധനത്തിൽ കണ്ണുവച്ചു.
ദൈവികവും മാനുഷികവും–
മാർഗ്ഗഭ്രംശം വരാതിരിക്കാൻ സൂക്ഷിക്കുക.
ലക്ഷ്യം മുന്നിൽ കാണണം.
അതനുസരിച്ച മുന്നോട്ടുപോകണം.
അതു് എനിക്കു പ്രയോജനകരമാവും.
ജീവിതലക്ഷ്യം നേടും.
ദൈവത്തെ അറിഞ്ഞു സ്നേഹിക്കാൻ,
നിത്യസൗഭാഗ്യത്തിലെത്താൻ,
ദൈവത്തോടുകൂടി ആയിരിക്കാൻ.

## 96. ഈ രാത്രി കോഴി കൂവുന്നതിനു മുമ്പ്
26:34

തന്നിൽ തന്നെയുള്ള വിശ്വാസം.
ഏററവും വലിയ ആപത്ത്.
''നില്ക്കുന്നവൻ വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ''.
മനുഷ്യൻ ബലഹീനനും പാപിയും.
ദൈവാനുഗ്രഹത്താലേ എന്തെങ്കിലുമാകൂ.
ദൈവം തന്നതല്ലാതെ എന്താണുള്ളത്?
പലപ്പോഴും ചിന്തിക്കാറില്ല.
സ്വന്തം ശക്തിയിലാശ്രയിക്കുന്നവർ നശിക്കും.
ശിഷ്യപ്രമുഖനായ പത്രോസ്–
സ്വർഗ്ഗസ്ഥനായ പിതാവിൻെറ സഹായത്താൽ–
ഈശോ, ദൈവപുത്രനാണെന്നറിഞ്ഞു.
ഈശോയിലുള്ള വിശ്വാസത്താൽ–
വെള്ളത്തിനുമീതെ നടന്നു.
തന്നിൽതന്നെ ആശ്രയിച്ചു.
''ആരെല്ലാം ഉപേക്ഷിച്ചാലും–
ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല''.
പത്രോസിനു തൻെറ വാക്കുകളെ തെളിയിക്കാനായില്ല.
ഈശോയെ ഉപേക്ഷിക്കുകതന്നെ ചെയ്തു.
എന്നാൽ മനസ്താപപ്പെട്ടു കരഞ്ഞു.
മനസ്സു തിരിഞ്ഞു.
യൂദാസ് ദൈവത്തിലാശ്രയിച്ചില്ല.
ഒരു മുഴം കയറിൽ–ജീവിതമവസാനിപ്പിച്ചു.
എല്ലാ ജീവിതസാഹചര്യങ്ങളിലും–
ദൈവത്തിലാശ്രയിക്കൂ–
അവിടുന്ന് എന്നെ കൈവിടുകയില്ല.

## 97. ആത്മാവു സന്നദ്ധം, ശരീരം ബലഹീനം 26:42

പ്രാത്ഥന–
ഫലദായകമാകുന്നില്ല.
പ്രാത്ഥനാനുഭവത്തിലേയ്ക്കുയരുന്നില്ല.
ശാരീരികമായ വിഷമതകൾ,
പ്രാത്ഥനയ്ക്കു വൈഷമ്യമാകുന്നു.
രോഗമാകാം,
ശാരീരിക ക്ലേശമാകാം.
എങ്കിലും പലപ്പോഴും–
ശരീരമാണ് സന്നദ്ധമെന്നു തോന്നാം.
ശരീരം പ്രാത്ഥനാസ്ഥലത്തുണ്ടാവും,
ആത്മാവ് മറേറതെങ്കിലും ലോകത്തിലാവും.
വ്യത്ഥചിന്തകൾ,
'പലവിചാരങ്ങൾ,'
മനസ്സ് എപ്പോഴും പ്രവർത്തനനിരതം,
മനക്കോട്ടകൾ കെട്ടുക വളരെ എളുപ്പം.
ശാരീരികവും മാനസികവുമായി,
സജീവമായി,
പ്രാത്ഥനയിൽ പങ്കെടുക്കുക.
അതിൽ പരാജയപ്പെടുന്നവർ–
പലപ്പോഴും പഴിപറയും;
സാഹചര്യങ്ങളെ,
പ്രാത്ഥനയെത്തന്നെ,
പ്രാത്ഥനവിരസമെന്നു പറഞ്ഞേക്കാം.
പ്രാത്ഥനാനുഭവത്തിനു ശ്രമിക്കു.
ആത്മാവും ശരീരവും സന്നദ്ധമാകും.

## 98. വാളെടുക്കുന്നവൻ വാളാൽ 26:53

അക്രമവും അനീതിയും–
ആധുനികലോകത്തിൻെറ മുഖമുദ്ര.
സ്നേഹത്തിനുപകരം വിദ്വേഷം.
സമാധാനത്തിനുപകരം യുദ്ധം.
പുതിയ പുതിയ ആയുധങ്ങൾ.
ന്യൂക്ലിയർ, ന്യൂട്രോൺ ബോംബുകൾ.
രാജ്യങ്ങൾ തമ്മിൽ ശത്രുത.
എവിടേയും യുദ്ധഭീഷണി.
ശത്രുവിനെ ആക്രമിക്കാൻ–
തക്കം പാർത്തിരിക്കുന്നവർ.
അവരീപ്രമാണമറിഞ്ഞെങ്കിൽ.
തങ്ങളും ആക്രമിക്കപ്പെടാം.
തിരിച്ചടി ഉണ്ടാകാം.
തെററിനു ശിക്ഷയുണ്ടാകും; തീർച്ച;
അതേ നാണയത്തിൽതന്നെ.
അനേകരുടെ ജീവിതം–
പന്താടപ്പെടാം.
എന്തിനീ പരീക്ഷണം?
എന്തിനീ യുദ്ധപ്രവണത?
എന്തിനീ സമരവാഞ്ഛ?
സമാധാനം ദൈവതുല്യമാകുന്നു.
സമാധാനം കാംക്ഷിക്കുന്നവനു്–
അതു് ലഭിക്കാതിരിക്കില്ല.
യുദ്ധപ്രിയന്മാരെങ്കിലോ?
ലോകം നശിക്കാൻ അധികസമയം വേണ്ട.

## 99. ബറാബ്ബായേയോ ഈശോയേയോ ?

27:17

അസത്യവും സത്യവും,
അക്രമവും ശാന്തതയും,
തിന്മയും നന്മയും,
പ്രതികാരവും സ്നേഹവും,
മുഖത്തോടുമുഖം നോക്കുന്നു.
ഏതെങ്കിലുമൊന്നു തിരഞ്ഞെടുക്കണം.
തിരഞ്ഞെടുപ്പ് എൻേറതാണ്.
എനിക്കു സ്വാതന്ത്ര്യമുണ്ടല്ലോ ?
ഒന്നു ചിന്തിക്കു, ഒരു നിമിഷം.
എന്നിട്ടു മുന്നോട്ടു പോകു.
അവിടെ വൈകാരികത പാടില്ല.
ആവേശം വേണ്ട.
മററുള്ളവരുടെ അഭിപ്രായവും നോക്കേണ്ട.
ബറാബ്ബായേയോ ഈശോയേയോ ?
ജനം ഈശോയെ തള്ളിപ്പറഞ്ഞു.
സത്യത്തെ അവഗണിച്ചു.
ബറാബ്ബായെ സ്വീകരിച്ചു.
തങ്ങൾ തിന്മയുടെ ഭാഗത്താണെന്ന്–
ഒരിക്കൽക്കൂടി തെളിയിച്ചു.
ഇന്നും ഈ തിരഞ്ഞെടുപ്പുണ്ട്.
അനുകൂലമായതു് തിരഞ്ഞെടുക്കുന്നു.
ആഭിമുഖ്യമുള്ളവയും;
തിന്മയാണെങ്കിൽക്കൂടി.
എന്നെങ്കിലുമൊരു മോചനമുണ്ടോ ?
സത്യം ആദരിക്കപ്പെടുമോ ?

## 100. ഈ നീതിമാൻെറ രക്തത്തിൽ പങ്കില്ല 27:24

കൈ കഴുകാൻ എന്തെളുപ്പം?
തെററിൽനിന്നു വിമുക്തനാകുമോ?
ഉത്തരവാദിത്വത്തിൽനിന്നു്–
മാറിനില്ക്കാനാവുമോ?
തെററിയെന്നു് അംഗീകരിക്കാൻ വൈമുഖ്യം.
തൊലിയുരിയുന്ന അവസരമാണതു്.
എന്നെത്തന്നെ മറികടക്കണം.
വലിയൊരു വെല്ലുവിളി.
തെററിലേയ്ക്കു നയിക്കുന്ന സാഹചര്യങ്ങളനവധി.
എങ്കിലും തെററല്ലാതാകുമോ?
പ്രേരണവഴിയാണെങ്കിലും–
തെററു തെററുതന്നെ.
സാഹചര്യം ഒഴിവാക്കാൻ ശ്രമിക്കുക.
ധനനഷ്ടമുണ്ടാകാം.
ജനപ്രീതി കുറയാം.
വ്യക്തിത്വംതന്നെ നഷ്ടപ്പെടാം.
സ്ഥാനവും അധികാരവും ഇല്ലാതാകാം.
മററുള്ളവരുടെ മുമ്പിൽ അപമാനിതനാകാം.
അതിലുമുപരിയല്ലേ, ദൈവതിരുമുമ്പിൽ ?
ഇതെല്ലാം നേടിയിട്ടും–
ദൈവം പരിത്യജിച്ചാൽ–
അതിലും വലിയ നഷ്ടമില്ല.
താൽക്കാലിക ഗുണത്തേക്കാളുപരി–
അടിസ്ഥാനപരമായ കാര്യങ്ങളിൽ–
ശ്രദ്ധപതിക്കുക:
സത്യത്തിലും നീതിയിലും ധാർമ്മികതയിലും.

ST. ANTONY'S MONASTERY
Phone : 3140

# അകലങ്ങളിൽ അഭയം

ജിയോ തടിക്കാട്ട്

ബൈബിൾവാക്യങ്ങളെ പരാമർശിക്കുന്നു. ഗദ്യകവിത ശൈലിയിൽ. ചിന്താപ്രധാനമായ വാചകങ്ങൾ. താത്വികസ്വഭാവവുമുണ്ട്. പലരുടെയും അനുഭവമാകാം. അന്യരെക്കുറിച്ചോ തന്നെക്കുറിച്ചു തന്നെയോ പറയുന്നതായും തോന്നാം. ജീവിതഗന്ധിയായ സാമാന്യ തത്വങ്ങൾ ചിന്തയ്ക്ക് വകനൽകി പരിവർത്തനത്തിന് ഒരുക്കുന്നു — ദൈവത്തിൽ അഭയം കണ്ടെത്താൻ.


വില 9.50 ക.

വിതരണം

ജനത ബുക്ക് സ്റ്റാൾ

തേവര—എറണാകുളം—ആലുവ—ചേർത്തല



248.4
HA

# …കലങ്ങളിൽ അഭയം

ജിയോ തടിക്കാട്ട്